പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 94 09.03.2015 -ൽ മറുപടിയ്ക്ക്

## ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ/പ്യൂൺ തസ്തിക നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ/പ്യൂൺ തസ്തികയിൽ പി.എസ്. സി . വഴി നിയമനം നടത്തുന്നുണ്ടോ ; എങ്കിൽ എന്നാണ് വിജ്ഞാപനം പുറപ്പെടുവിച്ചത്; ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി ; | (എ) വിവരം ശേഖരിച്ചു വരുന്നു.<br>യും<br>(ബി)<br>യും |
| (ബി) അദർ ക്രിസ്ത്യൻ (ഒ.എക്സ്) വിഭാഗത്തിൽ എത്രപേർക്ക് നിയമനം നൽകി ; ഈ വിഭാഗത്തിലെ വനിതകളുടെ റാങ്കിൽ നിന്നും താഴ്ന്ന റാങ്ക് ഉള്ളവർക്ക് നിയമനം നൽകാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ; | |

| | |
|---|---|
| (സി) ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിലെ ഒഴിവുകളിലേക്ക് വനിതകളെ പരിഗണിക്കാറുണ്ടോ ; ഇല്ലെങ്കിൽ എന്താണ് കാരണം ; പോലീസ്, ഗതാഗതം എന്നീ വകുപ്പുകളിലേതുപോലെ ബിവറേജസ് കോർപ്പറേഷനിലും വനിതകളെ നിശ്ചിത ശതമാനം ഒഴിവുകളിലേക്ക് പരിഗണിക്കുമോ ; | (സി) അബ്കാരി ചട്ടമനുസരിച്ച് വനിതകളെ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിൽ നിയമിക്കാൻ പാടില്ലായതിനാൽ ഔട്ട് ലെറ്റുകളിലെ ഒഴിവുകളിലേക്ക് വനിതകളെ പരിഗണിക്കാറില്ല. |
| (ഡി) ബിവറേജസ് കോർപ്പറേഷനിൽ എത്ര പ്യൂൺ തസ്തികകളാണ് ഉള്ളത് ; അവയിൽ എത്ര പേർ ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്നുണ്ട് ; P.S.C. ലിസ്റ്റ് നിലവിലിരിക്കെ താൽക്കാലികമായും, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും നിയമനം നടത്തുന്നത് നിയമവിരുദ്ധമല്ലേ ; അവരെ മാറ്റി ആ ഒഴിവുകൾ P.S.C. ലിസ്റ്റിൽ നിന്നും നികത്താൻ സത്വര നടപടികൾ സ്വീകരിക്കുമോ ; | (ഡി) ബിവറേജസ് കോർപ്പറേഷനിൽ സർക്കാർ അംഗീകൃത 333 ഹെൽപ്പർ/പ്യൂൺ തസ്തികകളാണുള്ളത്. ഈ അംഗീകൃത 333 തസ്തികകളിൽ ഒന്നിലും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരും ജോലി നോക്കുന്നില്ല. കോർപ്പറേഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ തസ്തികകൾക്ക് അനുമതി ലഭിക്കുന്നതു വരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അഡ്ഹോക്ക് ഒഴിവിൽ നിയമനം നടത്തേണ്ടതുണ്ട്. അംഗീകൃത തസ്തികകളിലെ ഒഴിവുകളിൽ പി.എസ്.സി ലിസ്റ്റിൽ നിന്ന് മാത്രമേ |

| | |
|---|---|
| | നിയമനം നടത്തുന്നുള്ളൂ. |
| (ഇ) ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സമർപ്പിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുമോ ? | (ഇ) ബിവറേജസ് കോർപ്പറേഷനിലെ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സമർപ്പിച്ച പഠന റിപ്പോർട്ട് പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

| | |
|---|---|
| കളിൽപ്പെട്ട എത്ര ബാർ ലൈസൻസുകൾ പുതുക്കി നൽകി | വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

(സി) ലൈസൻസിനുള്ള ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്ര അപേക്ഷകൾ ഇപ്പോൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്; ലഭിച്ച എത്ര അപേക്ഷകൾ തള്ളിക്കളഞ്ഞിട്ടുണ്ട്; സർക്കാറിന്റെ പരിഗണനയിലിരിക്കുന്നവ എത്ര; അവ ഏതെല്ലാം;

(സി) 2014-15 സാമ്പത്തിക വർഷത്തിൽ പുതിയ ബാർ ലൈസൻസിനായി 2 ഫൈവ് സ്റ്റാർ ഹോട്ടലിന്റെയും ബിയർ /വൈൻ പാർലർ ലൈസൻസിനായി 14 ഹോട്ടലുകളുടെയും അപേക്ഷ സർക്കാരിന് ലഭിച്ചിരുന്നു. അതിൽ ബിയർ/ വൈൻ പാർലർ ലൈസൻസിനായുള്ള 4 അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലാണ്. 2 അപേക്ഷകൾ തള്ളിക്കളഞ്ഞിരുന്നു. ബാക്കി എല്ലാ അപേക്ഷകളിലും ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഹോട്ടൽ ലാൽസ് റസിഡൻസി - അടൂർ, ഹോട്ടൽ രോഹിണി ഹിൽസ് - കുന്നിക്കോട്, കൊല്ലം, ഹോട്ടൽ മലയോരം ഗേറ്റ് വെ - കോഴിക്കോട്, പരവൂർ ഗാലക്സി ഹോട്ടൽ (പ്രൈ) ലിമിറ്റഡ്- എറണാകുളം എന്നിവയുടെ ബിയർ/വൈൻ പാർലർ ലൈസൻസിനുള്ള അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലാണ്.

| | |
|---|---|
| (ഡി) വൈൻ ബിയർ പാർലർ/ ലൈസൻസിനുള്ള എത്ര അപേക്ഷ ഈ വർഷം ലഭിച്ചു; എത്ര പേർക്ക് ലൈസൻസ് നല്കുകയുണ്ടായി; പരിഗണന യിലിരിക്കുന്നവ എത്ര? | (ഡി) പുതിയ വൈൻ/ബിയർ പാർലർ ലൈസൻസിനുള്ള 14 അപേക്ഷകൾ സർക്കാരിന് ലഭിച്ചിരുന്നു. ഇതിൽ 8 അപേക്ഷകളിൽ ലൈസൻസ് അനുവദിക്കുകയുണ്ടായി. 2 അപേക്ഷകൾ തള്ളിക്കളഞ്ഞിരുന്നു. 4 അപേക്ഷകൾ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 99 09-03-2015-ൽ മറുപടിയ്ക്ക്

# സർക്കാരിന്റെ മദ്യനയം

**ചോദ്യം:** **ഉത്തരം:**

ശ്രീ. പി. കെ. ബഷീർ

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

<table>
<tr><td>(എ)</td><td>സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള മദ്യനയം വ്യക്തമാക്കുമോ ;</td><td>(എ)</td><td>മദ്യത്തിൻെറ ഉത്പാദനവും ലഭ്യതയും കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ 'മദ്യ വിമുക്ത കേരളം' എന്ന മഹത്തായ ലക്ഷ്യം വിഭാവനം ചെയ്യുന്ന ഒരു മദ്യനയമാണ് 2014-15 വർഷത്തിൽ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. മദ്യവർജ്ജനത്തിലൂന്നിയുള്ള ഘട്ടംഘട്ടമായ മദ്യനിരോധനമാണ് സർക്കാർ ലക്ഷ്യമിടുന്നത്.</td></tr>
<tr><td>(ബി)</td><td>സർക്കാരിന്റെ മദ്യനയം പ്രാവർത്തികമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ ;</td><td>(ബി)</td><td>ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ സർക്കാരിന്റെ മദ്യനയം എല്ലാ രീതിയിലും പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>സർക്കാരിന്റെ മദ്യനയം നടപ്പിലാക്കിയ കാലയളവിൽ മദ്യത്തിന്റെ ഉപയോഗത്തിൽ കുറവ് വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?</td><td>(സി)</td><td>സർക്കാരിന്റെ മദ്യനയം നടപ്പിലാക്കിയ കാലയളവിൽ മദ്യത്തിന്റെ ഉപയോഗത്തിൽ കുറവു വന്നിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>വിൽപ്പന (ലക്ഷം കേയ്സിൽ)</th><th>വിൽപ്പനയിലുണ്ടായവർദ്ധനവ്/ കുറവ്</th></tr>
<tr><td>2011-2012</td><td>241.78</td><td>11%</td></tr>
<tr><td>2012-2013</td><td>244.33</td><td>01%</td></tr>
<tr><td>2013-2014</td><td>240.67</td><td>-1%</td></tr>
<tr><td>2014-2015 (ഫെബ്രുവരി 14വരെ)</td><td>203.14</td><td>- 8%</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 100 09-03-2015-ൽ മറുപടിയ്ക്ക്

# മദ്യാസക്തിക്കെതിരായ ബോധവൽക്കരണം

ചോദ്യം:

ശ്രീ. എ. റ്റി. ജോർജ്
ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. ഷാഫി പറമ്പിൽ

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | (എ) | ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ-കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ. എസ്.ആർ.ടി.സി ബസ്സ്റ്റാന്റുകളിലും, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി. ടി.വി വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ക്വിസ് മത്സരം, സംസ്ഥാനതലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയാണ് മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന പരിപാടികൾ. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പരിപാടികളുടെ സവിശേഷതകളും പ്രവർത്തനരീതിയും വിശദീകരിക്കുമോ; | (ബി) | മദ്യത്തിൻെറ ലഭ്യത കുറച്ച് ശക്തവും വ്യാപകവുമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യരഹിത കേരളം എന്ന മഹത്തായ ലക്ഷ്യമാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. മദ്യത്തിന്റെ ലഭ്യത കുറയ്ക്കുന്നതിനോടൊപ്പം വർദ്ധിച്ചുവരുന്ന മദ്യാസക്തിയും അതുമൂലം ഉണ്ടാകുന്ന സാമൂഹ്യവിപത്തിനെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക, മദ്യപാനം മൂലം തകർന്ന വ്യക്തികളെ അതിൽ നിന്നും പിൻതിരിപ്പിക്കുക എന്നിവയാണ് ലഹരിവിരുദ്ധ ബോധവൽക്കരണത്തിന്റെ പരമപ്രധാനമായ ലക്ഷ്യം. ഇതിനായി ജില്ലാതല ബോധവൽക്കരണം അതാത് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ നേതൃത്വത്തിലും സംസ്ഥാനതലത്തിൽ ഏകോപനത്തിനായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക ബോധവൽക്കരണ വിഭാഗവും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. |
| (സി) | പ്രചാരണ പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ? | (സി) | ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ, സ്റ്റാളുകൾ, ലഘുലേഖ വിതരണം, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, സ്കൂൾ-കോളേജുകളിൽ ലഹരിവിരുദ്ധ ബോധവൽക്കരണം, കോളനികൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ, സ്കൂൾ- കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരണം, ആദിവാസി പിന്നോക്ക മേഖലകളിൽ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവൽക്കരണ പരിപാടികൾ, കെ. എസ്.ആർ.ടി.സി ബസ്സ്റ്റാന്റുകളിലും, റെയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി. ടി.വി വഴിയുള്ള ബോധവൽക്കരണം, റെയിൽവേ സ്റ്റേഷനുകളിലെ ബോധവൽക്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രവ്യ അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണം, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ക്വിസ് മത്സരം, |

| | | | |
|---|---|---|---|
| | | | സംസ്ഥാന തലത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണ പരിശീലന ക്ലാസ്സുകൾ തുടങ്ങിയവയാണ് മദ്യാസക്തിക്കെതിരായ ബോധവൽക്കരണം നടപ്പാക്കുന്നതിന് ആസൂത്രണം ചെയ്തിരിക്കുന്ന പരിപാടികൾ. ഈ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളുടെയും, നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, റസിഡന്റ്സ് അസോസിയേഷനുകൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ തുടങ്ങിയവയുടെ സഹകരണം പ്രയോജനപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 104

09-03-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ നിർമ്മാണ ടെണ്ടർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ :<br>ശ്രീ. തോമസ് ചാണ്ടി : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനുള്ള ടെണ്ടറിൽ പങ്കെടുക്കാൻ എത്ര കമ്പനികളാണ് ടെണ്ടർ അപേക്ഷ നൽകിയതെന്ന് വ്യക്തമാക്കാമോ; | (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിന്റെ ടെണ്ടറിന്റെ റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) ഘട്ടത്തിൽ അഞ്ച് കമ്പനികളാണ് അപേക്ഷ നൽകിയത്. |
| (ബി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രോജക്ട് പഠനത്തിനായി കമ്പനികൾ കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും ടെണ്ടർ നടപടികളിൽ നിന്ന് കമ്പനികൾ പിൻവലിയാനുള്ള കാരണം അറിയാമോ ; എങ്കിൽ വെളിപ്പെടുത്താമോ: | (ബി) റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) സമർപ്പിക്കുന്നതിനായി മുമ്പു നിശ്ചയിച്ച തീയതിയായ 2015 ഫെബ്രുവരി മാസം 20 ന് ടെണ്ടർ സമർപ്പിക്കാതിരുന്നതിനുള്ള കാരണങ്ങൾ കമ്പനികൾ ഒന്നും തന്നെ എഴുതി അറിയിച്ചിട്ടില്ല. എന്നാൽ രാജ്യത്തു നിലനിൽക്കുന്ന 'കബോട്ടാഷ്' നിയമവും സംസ്ഥാനത്തു നിന്നുള്ള ചരക്കുകളുടെ കുറവും, ഇതുകാരണം ഈ പദ്ധതിയുടെ വയബിലിറ്റിയെപ്പറ്റിയുള്ള ആശങ്കയുമായിരിക്കാം കമ്പനികൾ ടെണ്ടർ നടപടികളിൽ പങ്കെടുക്കാത്തതിനുള്ള കാരണം എന്ന് കരുതുന്നു. |
| (സി) അടങ്കൽ തുകയുടെ 30% സർക്കാർ ഇടനിലക്കാർ കൈക്കൂലി ആവശ്യപ്പെട്ടതിനാലാണ് കമ്പനികൾ പിൻമാറിയതെന്ന ആക്ഷേപത്തെപ്പറ്റി അന്വേഷിക്കാൻ വിജിലൻസ് ഉൾപ്പടെയുള്ള ഉന്നതതല ഏജൻസിയെ ചുമതലപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ ? | (സി) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 105

09-03-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം ടെണ്ടറിൽ നിന്ന് കമ്പനികളുടെ പിൻമാറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.നാരായണൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം ടെണ്ടറിൽ നിന്ന് കമ്പനികൾ പിൻമാറിയതിൽ അട്ടിമറി നടന്നിട്ടുണ്ടാകാം എന്ന വകുപ്പ് മന്ത്രിയുടെ പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) അട്ടിമറിയുണ്ടെങ്കിൽ അന്വേഷിക്കുമോ എന്ന മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിന് ഉണ്ടെങ്കിൽ അന്വേഷിക്കാം എന്നാണ് പറഞ്ഞത്. |
| (ബി) എങ്കിൽ ഇതിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) ബാധകമല്ല. |
| (സി) മേൽ വിഷയം സംബന്ധിച്ച് ഒരു സ്വതന്ത്ര ഏജൻസിയെ കൊണ്ട് അന്വേഷിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ? | (സി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 109

09-03-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ നിർമ്മാണം

**ചോദ്യം**

ശ്രീ. മാത്യു.റ്റി.തോമസ് :
ശ്രീ.ജോസ് തെറ്റയിൽ :
ശ്രീ. സി.കെ.നാണു :
ശ്രീമതി. ജമീല പ്രകാശം :

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണം സംബന്ധിച്ച് ടെൻഡർ നൽകുന്ന കാര്യത്തിൽ തുടരെ തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനിശ്ചിതത്വം കണക്കിലെടുത്ത് തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി ഏറ്റെടുത്തു നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ അത് സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**മറുപടി**

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) യും (ബി) യും കേന്ദ്രം ഇപ്പോൾ അംഗീകരിച്ചിരിക്കുന്നത് കേന്ദ്രത്തിന്റെ ധനസഹായത്തോടു കൂടി വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള തീരുമാനമാണ്. ഇതിന്റെ ടെണ്ടർ നടപടികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:141    09.03.2015 ൽ മറുപടിക്ക്

### രാജ്യാന്തര വിമാനത്താവള ഹബിൽ ഉൾപ്പെടുന്ന എയർപോർട്ടുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ : | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ആറ് വിമാനത്താവളങ്ങൾ മാത്രം അടങ്ങുന്ന രാജ്യാന്തര വിമാനത്താവള ഹബിൽ സംസ്ഥാനത്തുനിന്നും ഏതെല്ലാം എയർപോർട്ടുകളെ ഉൾപ്പെടുത്തണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്; | (എ) | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിനെ International Hub Category യിൽ ഉൾപ്പെടുത്തണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്. |
| (ബി) | ഇത് സംബന്ധമായി പ്രധാനമന്ത്രിക്കും വ്യോമയാന മന്ത്രാലയത്തിനും മുഖ്യമന്ത്രി നൽകിയ നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | വ്യോമയാന മന്ത്രിക്ക് ബഹു. മുഖ്യമന്ത്രി നൽകിയ നിവേദനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. പ്രധാന മന്ത്രിക്ക് കത്ത് നൽകിയിട്ടില്ല. |

Sd/-

സെക്ഷൻ ഓഫീസർ

OOMMEN CHANDY
CHIEF MINISTER

GOVERNMENT OF KERALA

Secretariat,
Thiruvananthapuram-695 001

**D.O. No. 295/VIP/CM/2014, dated, 20/12/2014**

Dear Asok Gajapathi Raju ji,

**Sub:-Draft Civil Aviation Policy published by Ministry of Civil Aviation**

Let me congratulate your initiative for a Civil Aviation Policy, which I am sure, will help us attain global standards.

The civil aviation sector is very important for Kerala and we have 3 international airports viz, Cochin, Trivandrum and Calicut. A fourth one, Kannur, is under construction and will be operational by the end of 2016. The Cochin International Airport Limited (CIAL) is the first public private partnership airport in India with a majority share by the private sector, of which I am the current Chairman.

I would like to bring to notice a few points with respect to 4.d (Development of Airports).

1. It was CIAL which brought a new model and became the trend setter for the Indian aviation infrastructure. With the liberalized policy of the Government of India, new investors have been attracted into the industry, thus helping to change Indian aviation infrastructure.
2. Kerala has the highest proportion of Non-Resident Indians all over the world, numbering almost 10% of the State's population - around 30 lakhs. Their contributions are significant for the GDP growth of Kerala.
3. Cochin International Airport held the 4th position in India in international passenger traffic (3.4 million) and the 7th position in overall passenger traffic (5.4 million) in 2013-14. Among Cochin based international passengers, 75% are for point to point destinations and 25% for onward destinations. 10% of international passenger traffic is by foreign nationals of 202 nationalities.
4. The total international traffic of Kerala considering its three operational airports is 7.5 mn, which takes us to the 3rd place after Delhi (12.3 mn), and Mumbai(10.3 mn). This because Kerala is one of world's top rated tourist destinations.
5. As per the recent traffic analysis studies, CIAL is expected to handle 6 million international passengers and a total passenger traffic of 12 million by 2021 and a total passenger volume of 18 million by 2028. For meeting these traffic



Tel: (0471) 2333812 & 2333682; Fax: (0471) 2333489; email: cmkerala@vsnl.net
chiefminister@kerala.gov.in

A1 30P

demands with assured service quality CIAL has already started modernization of its infrastructure at a cost of Rs.1000 crores to be completed in 2016. CIAL had prepared a master plan for meeting future traffic demands with secondary Runway, cargo village, commercial complex with hotel shopping complex i.e. with a completely self sustained Aerocity. CIAL has already commissioned supporting facilities like MRO and the Aviation Training Institute to sustain the qualitative growth of the airport.

6. To effectively address future traffic demands, CIAL is also bringing multi-modal transport facilities:

   a. Multiple highway connectivity
   b. Broad-gauge rail with exclusive airport railway station and cargo connectivity.
   c. Inland water connectivity
   d. Metro rail connectivity

7. The nearby airports Trivandrum, Calicut, Kannur, Trichy, Coimbatore, Mangalore, Salem and Madurai are at distances ranging from 150 to 350 km, equivalent to a road travel time of 2.5 hrs to 5 hrs or air travel time of 20 - 40 minutes which helps CIAL to be a hub in this region.

CIAL has evolved due to the constant demand from the travelling public, especially the NRIs, who had a lot of hardships travelling via other airports. CIAL is only the airport in India promoted by NRIs having a shareholder base of 18000 spread over 30 countries.

Considering all this, I would request you to position Cochin International Airport in the international hub category of Metropolitan Airports to facilitate overall aviation development and air connectivity of Kerala and the region.

Yours sincerely,

21/12/14

OOMMEN CHANDY

Shri. Ashok Gajapathi Raju Pusapati,
Union Minister of Civil Aviation,
Government of India,
Rajiv Gandhi Bhawan, Safdarjung Airport,
New Delhi-110 003.

# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:142 09.03.2015 ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവള നിർമാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ : | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവള നിർമ്മാണ പദ്ധതിയുടെ ഏതെല്ലാം പ്രവർത്തികളാണ് ഇതിനോടകം ടെൻഡർ ചെയ്തതെന്ന് വ്യക്തമാക്കാമോ; | (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രധാന പ്രവർത്തികളായ റൺവെ ഉൾപ്പെടുന്ന എയർസൈഡ് പ്രവർത്തികളും ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരംവരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ളൈ ഓവറിന്റെയും പ്രവൃത്തികളും ഇതിനകം ടെണ്ടർ ചെയ്തു കഴിഞ്ഞു. |
| (ബി) | ഏതെല്ലാം പ്രവർത്തികൾ ഏതെല്ലാം നിർമ്മാണ കമ്പനികൾ ഏറ്റെടുത്തുവെന്നും എപ്പോൾ എഗ്രിമെന്റ് ഒപ്പ് വച്ചുവെന്നും വ്യക്തമാക്കുമോ ; | (ബി) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെയുടെയും എയർസൈഡ് പ്രവർത്തികളുടെയും കരാർ (ഇ.പി.സി-1) 694 കോടി രൂപയ്ക്ക് 2013 നവംബർ5ന് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. കണ്ണൂർ വിമാനത്താവളത്തിന്റെ ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരംവരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ളൈ ഓവറിന്റെയും നിർമ്മാണത്തിനുള്ള കരാർ 498.7 കോടി രൂപയ്ക്ക് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന്റെ ബി&എഫ് വിഭാഗത്തിന് കരാർ നൽകുകയുണ്ടായി. രണ്ട് കരാറുകളുടെയും കരാർ യഥാക്രമം 5.11.2013 തീയതിക്കും 10.07.2014 തീയതിക്കും ഒപ്പുവെച്ചു. |

| | | | |
|---|---|---|---|
| (സി) | ഓരോ പ്രവർത്തികളും എന്ന് ആരംഭിച്ചുവെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ ; | (സി) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെയുടെയും എയർസൈഡ് പ്രവർത്തികളുടെയും കരാർ (ഇ.പി.സി-1) 694 കോടി രൂപയ്ക്ക് 2013 നവംബർ5ന് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. അവർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പ്രവൃത്തി ഇപ്പോൾ 40% പൂർത്തിയായിട്ടുണ്ട്. കണ്ണൂർ വിമാനത്താവളത്തിന്റെ ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരംവരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ളൈ ഓവറിന്റെയും നിർമ്മാണത്തിനുള്ള കരാർ 498.7 കോടി രൂപയ്ക്ക് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന്റെ ബി&എഫ് വിഭാഗത്തിന് കരാർ നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 20% പൂർത്തിയായിട്ടുണ്ട്. 2016- മേയിൽ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കാനും വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കാനുമാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:143 09.03.2015 ൽ മറുപടിക്ക്

## വ്യോമയാന ഹബ്ബ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എസ്.സുനിൽ കുമാർ :<br>ശ്രീമതി. ഇ.എസ്.ബിജിമോൾ :<br>ശ്രീ. ചിറ്റയം ഗോപകുമാർ :<br>ശ്രീ. മുല്ലക്കര രത്നാകരൻ : | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വ്യോമയാന പാതയിലെ രാജ്യാന്തര ഹബ്ബ് നിശ്ചയിച്ചതിൽ നിന്നും കേരളത്തെ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒഴിവാക്കാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഇതിൽ രാജ്യത്തെ 6 മെട്രോപോളിറ്റൻ വിമാനത്താവളങ്ങളെ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കേരളത്തിലെ വിമാനത്താവളങ്ങൾ മെട്രോപോളിറ്റൻ വിഭാഗത്തിൽപ്പെടാത്തവയായതിനാലാണ് ഉൾപ്പെടാതെ പോയത്. |
| (ബി) | ഹബ്ബിന് യോഗ്യതയുള്ള വിമാനത്താവളങ്ങൾ സംസ്ഥാനത്തുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണമെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ; | (ബി) | ഉണ്ട്. സിയാലിന് പ്രസ്തുത യോഗ്യതകളുണ്ട് |
| (സി) | വ്യോമയാന ഹബ്ബ് നേടിയെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ? | (സി) | സിയാലിനെ International Hub Category യിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് കണ്ട് ഇക്കാര്യം ആവശ്യപ്പെട്ട് ബഹു. കേരള മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്. കരട് വ്യോമയാന നയം ചർച്ച ചെയ്യാൻ 30.12.2014 ൽ ചേർന്ന ഉന്നതതലയോഗത്തിൽ സംസ്ഥാനത്തിന്റെ ഈ നിലപാട് അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:144 09.03.2015 ൽ മറുപടിക്ക്

### കണ്ണൂർ വിമാനത്താവള നിർമ്മാണവും ഭൂമി ഏറ്റെടുക്കലും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ: | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന് ആകെ എത്ര ഭൂവുടമകളിൽ നിന്നും ഭൂമി ഏറ്റെടുത്തുവെന്ന് വ്യക്തമാക്കാമോ ; | (എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും (എഫ്) ഉം | വിവരം ശേഖരിച്ചു വരുന്നു |
| (ബി) | ആകെ എത്ര ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ ; | | |
| (സി) | ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ; | | |
| (ഡി) | ഇനിയും എത്ര ഭൂവുടമകൾക്ക് നഷ്ടപരിഹാരത്തുക നൽകുവാനുണ്ടെന്ന് വ്യക്തമാക്കാമോ ; | | |
| (ഇ) | ഇതിനായി എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ ; | | |
| (എഫ്) | ഇനിയും നഷ്ടപരിഹാരത്തുക നൽകുവാനുള്ള ഭൂവുടമകൾക്ക് അതിവേഗം നഷ്ടപരിഹാരത്തുക നൽകുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ? | | |

Sd/-

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:145 09.03.2015 ൽ മറുപടിക്ക്

**കണ്ണൂർ വിമാനത്താവളനിർമ്മാണത്തിനായി സ്ഫോടക വസ്തുക്കളുടെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. **ഇ.പി.ജയരാജൻ:** | | **കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | കണ്ണൂർ വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി നിരപ്പാക്കുവാനും മറ്റുമായി സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ; | (എ)<br>&<br>(ബി) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെയുടെയും അനുബന്ധ പ്രവൃത്തികളുടെയും നിർമ്മാണം ഇ.പി.സി കരാർ പ്രകാരം നൽകിയിട്ടുണ്ട് പ്രസ്തുത കരാർ അനുസരിച്ച് കോൺട്രാക്ടർക്ക് റൺവെയ്ക്കുവേണ്ടി ഭൂമി നിരപ്പാക്കുവാൻ ആവശ്യമായ ഘട്ടങ്ങളിൽസ്ഫോടനം നടത്തുവാൻ വ്യവസ്ഥയുണ്ട്. കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന് വേണ്ടി ഭൂമി നിരപ്പാക്കുവാൻ സ്ഫോടക വസ്തുക്കൾ ഉപയോഗിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. ജില്ലാ കലക്ടർ കണ്ണൂരിൽ നിന്നും 2014/21264/13/D4 നമ്പർ പ്രകാരവും എക്സ്പ്ലോസീവ് ഡയറക്ടർ, നാഗ്പൂരിൽ നിന്നും 10.06.2014 തീയതിക്കും അനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) | ഏത് ഉത്തരവുപ്രകാരമാണ് സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുള്ളത്; | | |
| (സി) | ഇത്തരത്തിൽ സ്പോടനം നടത്തുമ്പോൾ സ്പോടനശക്തി എത്ര വരെയാകാമെന്ന് (സ്പോടന ശക്തിയുമായി ബന്ധപ്പെട്ട ശാസ്ത്രീയമായ കണക്കു പ്രകാരം) നിയന്ത്രണമേർപ്പെടുത്തികൊണ്ട് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (സി) | സ്ഫോടനത്തിന് ഡയറക്ടർ ജനറൽ ഓഫ് മൈൻ & സേഫ്റ്റിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം അനുവദനീയമായ വൈബ്രേഷൻ മിനിറ്റിൽ 5 എം.എമ്മും ശബ്ദം 130 ഡെസിബെല്ലും ആണ്. അനുവദനീയമായ പരിധികളിൽ മാത്രമേ കിയാൽ സ്ഫോടനം നടത്തിയിട്ടുള്ളു. മറ്റു പ്രവൃത്തികൾക്കൊപ്പം സ്ഫോടനത്തിന്റെയും മേൽനോട്ടം വഹി |

| | | | |
|---|---|---|---|
| | | | ക്കുന്നത് കൺസൾട്ടൻസിയായ എയ്കോം ഏഷ്യാ കമ്പനിയാണ്. വൈബ്രേഷനും ശബ്ദവും അളക്കുവാനുള്ള ഉപകരണങ്ങൾ സൈറ്റിൽ കൃത്യമായി ഉപയോഗിക്കുന്നുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാൻ എയ്കോമിന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത നിയന്ത്രണ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ഗവൺമെന്റ് എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (ഡി) | സ്ഫോടന വിദഗ്ധനെക്കൊണ്ട് സൈറ്റും സൈറ്റിൽ നടക്കുന്ന സ്ഫോടനങ്ങളും പരിശോധിഷിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ സ്ഫോടനം നടത്തുകയും ചെയ്തു. അദ്ദേഹം ഒന്നിൽക്കൂടുതൽ തവണ സൈറ്റ് സന്ദർശിക്കുകയും സ്ഫോടനത്തിന് നേതൃത്വം നൽകുകയും ചെയ്തു. അദ്ദേഹത്തിന്റെ സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ പ്രകാരമാണ് സൈറ്റിൽ സ്ഫോടനം നടത്തിവരുന്നത്. കൂടാതെ, എം.എൽ.എയുടെയും ജില്ലാ കലക്ടറുടെയും നേതൃത്വത്തിൽ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ പ്രതിനിധികളുടെയും യോഗം ജില്ലാ കലക്ട്രേറ്റിൽ ചേരുകയും പ്രവൃത്തി നടത്തുമ്പോൾ കർശന സുരക്ഷാസംവിധാനം ഏർപ്പെടുത്തണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം ഏർപ്പെടുത്തുന്ന രണ്ട് പ്രതിനിധികൾ സ്ഫോടനത്തിന് വേണ്ടി സ്ഥലമൊരുക്കുന്നത് ഉൾപ്പെടെ നിരീക്ഷിക്കാൻ വരികയും അവരുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ സ്ഫോടനങ്ങൾ നടത്തുകയുമാണ് ചെയ്തുവന്നിരുന്നത്. |
| (ഇ) | വിമാനത്താവള നിർമ്മാണസ്ഥലത്തു നടക്കുന്ന അത്യുഗ്ര സ്ഫോടനങ്ങൾ സമീപവാസികളുടെ ജീവനും സ്വത്തിനും വലിയ ഭീഷണി ഉയർത്തുന്നതു | (ഇ)<br>(എഫ്) | കണ്ണൂർ വിമാനത്താവള ഭൂമിയിൽ നടത്തുന്ന സ്ഫോടനം സംബന്ധിച്ച് ബഹു. മണ്ഡലം എം.എൽ.എ ശ്രീ. ഇ.പി ജയരാജനിൽ നിന്നും പഞ്ചായത്ത് പ്രതിനിധിക |

| | | | |
|---|---|---|---|
| | സംബന്ധിച്ച് ജനപ്രതിനിധികളുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; | & (ജി) | ളിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ട്. ഈ നിവേദനത്തിന്, കിയാൽ നടത്തിയ സ്ഫോടനത്തെക്കുറിച്ച് വിശദമായ മറുപടി നൽകുകയും കിയാൽ അധികൃതർ ബഹു. എം.എൽ.എയെ നേരിൽക്കണ്ട് കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, കണ്ണൂർ വിമാനത്താവള ഭൂമിയിൽ നിർമ്മാണത്തിന് വേണ്ടി നടത്തുന്ന സ്ഫോടനത്തെ സംബന്ധിച്ച് ചർച്ച ചെയ്യാൻ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ജില്ലാ കലക്ട്രേറ്റിൽ 14.2.15ന് സർവ്വകക്ഷി യോഗം ചേർന്നിരുന്നു. യോഗത്തിന് മുമ്പ് നടന്ന സ്ഫോടനത്തിൽ കേടുപറ്റിയെന്ന് സൂചിഷിച്ച 160 വീടുകളിൽ പി.ഡബ്ല്യൂ.ഡി (ബിൽഡിംഗ്) വിഭാഗം പരിശോധന നടത്തി 96 വീടുകൾക്ക് നഷ്ടപരിഹാരമായി 21,69,000 രൂപ നിശ്ചയിക്കുകയും വിതരണം ചെയ്തുതുടങ്ങുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ യോഗത്തിൽ താഴെപറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.<br><br>1. സ്ഫോടനത്തിൽ കേടുപറ്റിയെങ്കിലും പരിഗണിക്കപ്പെട്ടില്ലെന്ന് പരാതിയുള്ള വീടുകളും നഷ്ടപരിഹാരത്തുക കുറഞ്ഞുപോയെന്ന പറയപ്പെടുന്ന പ്രത്യേക കേസുകളിലും പുനപരിശോധന നടത്തുന്നതിന് പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചു. തഹസിൽദാർ എൽ.എ (എയർപോർട്ട് നമ്പർ 1), മട്ടന്നൂർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ബ്ലോക്ക്), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബിൽഡിംഗ്, അസിസ്റ്റന്റ് എഞ്ചിനീയർ കീഴല്ലൂർ ഗ്രാമപഞ്ചായത്ത് എന്നിവർ ഉൾക്കൊള്ളുന്ന കമ്മിറ്റിയെ പരിശോധനയ്ക്ക് |
| (എഫ്) | എങ്കിൽ പ്രസ്തുത നിവേദനങ്ങൾ പ്രകാരം ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | | |
| (ജി) | അത്യുഗ്രസ്ഫോടനങ്ങൾ കാരണം വീടുകൾക്കും കെട്ടിടങ്ങൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നുവെന്നുറപ്പാക്കുവാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | നിയോഗിച്ചു. പ്രസ്തുത കമ്മിറ്റിയുടെ പരിശോധന റിപ്പോർട്ട് 28.02.2015-നകം ജില്ലാ കലക്ടർക്ക് സമർപ്പിക്കണം.<br>2). ജില്ലാ കലക്ടർ പദ്ധതി പ്രദേശം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തും.<br>3). സ്ഫോടനത്തിന്റെ കാഠിന്യം കുറയ്ക്കാൻ കിയാൽ ശ്രദ്ധിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും സ്ഫോടനം തടസ്സപ്പെടുത്താതിരിക്കാൻ ജനകീയ കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.<br>4). ഭൂമി നിരപ്പാക്കുന്നതുമായി ബന്ധപ്പെട്ടും സ്ഫോടനം സംബന്ധിച്ചും ഉള്ള പ്രശ്നങ്ങളിൽ അതാത് സമയത്ത് ഇടപെടുന്നതിനും പരിഹരിക്കുന്നതിനുമായി പ്രമുഖ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു ജനകീയ കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചു. ഇതിന്റെ കൺവീനറായി തലശ്ശേരി തഹസിൽദാരെ ചുമതലപ്പെടുത്താനും തീരുമാനിച്ചു. പ്രസ്തു ജനകീയ കമ്മിറ്റി 14.02.2015 തീയതി യോഗം ചേരുകയും സംഭവവികാസങ്ങൾ വിലയിരുത്തുകയും താരതമ്യേന അപകട സാധ്യത കുറഞ്ഞ പ്രദേശങ്ങളിൽ സ്ഫോടനം നടത്തി പണിതുടരാൻ തീരുമാനിക്കുകയും അതനുസരിച്ച് 27.02.2015ന് സ്ഫോടനം ആരംഭിക്കുകയും ചെയ്തു. ടെക്നിക്കൽ കമ്മിറ്റി വീടുകളുടെ പരിശോധന നടത്തിക്കഴിയാറായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:146 09.03.2015 ൽ മറുപടിക്ക്**

**അന്താരാഷ്ട്ര വിമാനത്താവളങ്ങൾ സംബന്ധിച്ച കരട് നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ : | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | അന്താരാഷ്ട്ര വിമാനത്താവളങ്ങൾ സംബന്ധിച്ച് ഇന്ത്യാ ഗവൺമെന്റ് പുറപ്പെടുവിച്ച കരട് നയം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽ നിന്നും 2014 നവംബർ 10 ന് സംസ്ഥാന ഗവൺമെന്റിന് അയച്ച കത്തിന് സംസ്ഥാന ഗവൺമെന്റ് നല്കിയ പ്രതികരണം എന്തായിരുന്നു; പ്രസ്തുത കത്തിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ; | (ബി) | കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ 10.11.2014 ലെ കത്തിന് മറുപടിയായി സിയാലിനെ വ്യോമയാന ഹബ്ബിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്ത് നിലവിൽ അന്താരാഷ്ട്രപദവിയുള്ള എയർപോർട്ടുകൾ ഏതെല്ലാമാണ്; ഓരോ എയർപോർട്ടിനും അന്താരാഷ്ട്ര പദവി ലഭിച്ചത് ഏത് കാലഘട്ടത്തിലായിരുന്നു ? | (സി) | തിരുവനന്തപുരം, കോഴിക്കോട്, കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് എന്നീ എയർപോർട്ടുകൾക്കാണ് അന്താരാഷ്ട്ര പദവി ഉള്ളത്. ഇതിൽ തിരുവനന്തപുരത്തിന് -01.04.1991 ലും കോഴിക്കോടിന് - 16.02.2006 ലും സിയാലിന് - 23.05.2000 ലുമാണ് അന്താരാഷ്ട്ര പദവി ലഭിച്ചത്. |

സെക്ഷൻ ഓഫീസർ

OOMMEN CHANDY
CHIEF MINISTER

GOVERNMENT OF KERALA

Secretariat,
Thiruvananthapuram-695 001

**D.O. No. 295/VIP/CM/2014, dated, 20/12/2014**

Dear Asok Gajapathi Raju ji,

**Sub:-Draft Civil Aviation Policy published by Ministry of Civil Aviation**

Let me congratulate your initiative for a Civil Aviation Policy, which I am sure, will help us attain global standards.

The civil aviation sector is very important for Kerala and we have 3 international airports viz, Cochin, Trivandrum and Calicut. A fourth one, Kannur, is under construction and will be operational by the end of 2016. The Cochin International Airport Limited (CIAL) is the first public private partnership airport in India with a majority share by the private sector, of which I am the current Chairman.

I would like to bring to notice a few points with respect to 4.d (Development of Airports).

1. It was CIAL which brought a new model and became the trend setter for the Indian aviation infrastructure. With the liberalized policy of the Government of India, new investors have been attracted into the industry, thus helping to change Indian aviation infrastructure.

2. Kerala has the highest proportion of Non-Resident Indians all over the world, numbering almost 10% of the State's population - around 30 lakhs. Their contributions are significant for the GDP growth of Kerala.

3. Cochin International Airport held the 4th position in India in international passenger traffic (3.4 million) and the 7th position in overall passenger traffic (5.4 million) in 2013-14. Among Cochin based international passengers, 75% are for point to point destinations and 25% for onward destinations. 10% of international passenger traffic is by foreign nationals of 202 nationalities.

4. The total international traffic of Kerala considering its three operational airports is 7.5 mn, which takes us to the 3rd place after Delhi (12.3 mn), and Mumbai(10.3 mn). This because Kerala is one of world's top rated tourist destinations.

5. As per the recent traffic analysis studies, CIAL is expected to handle 6 million international passengers and a total passenger traffic of 12 million by 2021 and a total passenger volume of 18 million by 2028. For meeting these traffic



Tel: (0471) 2333812 & 2333682; Fax: (0471) 2333489; email: cmkerala@vsnl.net
chiefminister@kerala.gov.in

demands with assured service quality CIAL has already started modernization of its infrastructure at a cost of Rs.1000 crores to be completed in 2016. CIAL had prepared a master plan for meeting future traffic demands with secondary Runway, cargo village, commercial complex with hotel shopping complex i.e. with a completely self sustained Aerocity. CIAL has already commissioned supporting facilities like MRO and the Aviation Training Institute to sustain the qualitative growth of the airport.

6. To effectively address future traffic demands, CIAL is also bringing multi-modal transport facilities:

   a. Multiple highway connectivity

   b. Broad-gauge rail with exclusive airport railway station and cargo connectivity.

   c. Inland water connectivity

   d. Metro rail connectivity

7. The nearby airports Trivandrum, Calicut, Kannur, Trichy, Coimbatore, Mangalore, Salem and Madurai are at distances ranging from 150 to 350 km, equivalent to a road travel time of 2.5 hrs to 5 hrs or air travel time of 20 - 40 minutes which helps CIAL to be a hub in this region.

CIAL has evolved due to the constant demand from the travelling public, especially the NRIs, who had a lot of hardships travelling via other airports. CIAL is only the airport in India promoted by NRIs having a shareholder base of 18000 spread over 30 countries.

Considering all this, I would request you to position Cochin International Airport in the international hub category of Metropolitan Airports to facilitate overall aviation development and air connectivity of Kerala and the region.

Yours sincerely,

21/12/14

OOMMEN CHANDY

Shri. Ashok Gajapathi Raju Pusapati,
Union Minister of Civil Aviation,
Government of India,
Rajiv Gandhi Bhawan, Safdarjung Airport,
New Delhi-110 003.

# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:147 09.03.2015 ൽ മറുപടിക്ക്

**വിമാനത്താവളങ്ങളെ അന്താരാഷ്ട്ര ഹബ്ബിന്റെ പേരിൽ തരംതിരിക്കാനുള്ള നീക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി.സുധാകരൻ : | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | വിമാനത്താവളങ്ങളെ അന്താരാഷ്ട്ര ഹബ്ബിന്റെ പേരിൽ തരംതിരിക്കാനുള്ള നീക്കം നിർദ്ദിഷ്ട കണ്ണൂർ വിമാനത്താവളത്തിന്റെ ഭാവിയെ ഏത് നിലയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; | (എ) | കേന്ദ്ര വ്യോമയാന മന്ത്രാലയം 10.11.2014 ൽ പുറപ്പെടുവിച്ച കരട് സിവിൽ ഏവിയേഷൻ പോളിസിയിൽ രാജ്യത്തെ ആറ് മെട്രോപൊളിറ്റൻ എയർപോർട്ടുകളായ ഡൽഹി, മുംബൈ, ചെന്നൈ, കൊൽക്കത്ത, ബാംഗ്ലൂരു, ഹൈദരാബാദ് എന്നീ അന്താരാഷ്ട്ര വിമാനത്താവളങ്ങളെ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| (ബി) | ആഭ്യന്തര വിമാന സർവ്വീസ് മാത്രം നടത്തി കണ്ണൂർ വിമാനത്താവള പദ്ധതി ലാഭകരമാക്കാൻ കഴിയുമോ പതിനായിരക്കണക്കായ ഗൾഫ് യാത്രക്കാരെ, നിർദ്ദിഷ്ട കണ്ണൂർ എയർപോർട്ടിൽ നിന്നും അകറ്റി, ബാംഗ്ലൂർ എയർപോർട്ടിലേക്ക് നയിക്കുന്ന കേന്ദ്ര നീക്കത്തിൽ, ഗൾഫ് മലയാളികളും എയർപോർട്ട് കമ്പനിയുടെ ഓഹരി ഉടമകളും കടുത്ത ആശങ്കയിലാണെന്നറിയാമോ; | (ബി) & (സി) | കരട് വ്യോമയാന നയത്തിൽ രാജ്യത്തെ മെട്രോപോളിറ്റൻ വിമാനത്താവളങ്ങളെ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നതിനാലും, സിയാൽ യാത്രികരുടെ എണ്ണത്തിലും അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിലും ഉയർന്ന നിലവാരം പുലർത്തുന്നതിനാലുമാണ് സംസ്ഥാനത്തെ ഒരു വിമാനത്താവളമെങ്കിലും International |

| | | | |
|---|---|---|---|
| (സി) | ഗൗരവതരമായ ഈ പ്രവർത്തനത്തിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ; ഇന്റർ നാഷണൽ ഹബ്ബിൽ കൊച്ചി വിമാനത്താവളത്തെ മാത്രം ഉൾപ്പെടുത്തിയാൽ മതിയെന്ന സംസ്ഥാന ഗവൺമെന്റിന്റെ ആവശ്യം കണ്ണൂർ ഉൾപ്പെടെയുള്ള എയർപോർട്ടുകളെ അവഗണിക്കുന്നതാണെന്നറിയാമോ? | | Hub Category യിൽ വരണമെന്ന കാഴ്ചപ്പാടിൽ സംസ്ഥാനത്തെ പ്രമുഖ വിമാനത്താവളമായ സിയാലിന്റെ കാര്യം സർക്കാർ ആവശ്യപ്പെട്ടത്. സംസ്ഥാനത്തെ മറ്റ് വിമാനത്താവളങ്ങളെ അവഗണിക്കാൻ സർക്കാർ ഉദ്ദേശിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

തിരുവനന്തപുരം

| S1.No | Crime No | Police Station | Accused | Bail Availed or Not. |
|---|---|---|---|---|
| 1 | 951/13 | Thampanoor | (1) KR Biju,<br>(2) Shalu Venugopal,<br>(3) Kaladevi | 1)Bail not availed<br>2)Granted Bail from Court<br>3)Granted Bail from Court |
| 2 | 1081/13 | Thampanoor | KR Biju | 1.Bail not availed |
| 3 | 1466/13 | Thrissur East | Salu Menon | Clubbed with investigation of Crime 951/13 |

# പതിമൂന്നാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 193** | **09.03.2015-ലെ മറുപടിക്ക്**

### കാസർഗോഡ് കുമ്പളയിലെ പി. മുരളി കൊലപാതക കേസ് സംബന്ധിച്ച്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് കുമ്പളയിലെ പി. മുരളിയെ കൊലപ്പെടുത്തിയ കേസ്സിലെ എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) കാസർഗോഡ് കുമ്പളയിലെ മുരളിയെ കൊലപ്പെടുത്തിയ കേസ്സിൽ എട്ട് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത കേസ്സിലെ ഗൂഢാലോചനയിൽ പങ്കെടുത്തവരെ കൂടി പിടികൂടണമെന്നാവശ്യപ്പെട്ട് നൽകിയ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്; ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം ഉത്തര മേഖലാ എ.ഡി.ജി.പി.യുടെ ഉത്തരവ് പ്രകാരം കാസർഗോഡ് ജില്ലാ ക്രൈം റെക്കോർഡ്സ് ബ്യൂറോ ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ 11 അംഗങ്ങൾ ഉൾപ്പെടുന്ന പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് ടി കേസ്സിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു. |
| (സി) എങ്കിൽ ഗൂഢാലോചനയിൽ പങ്കെടുത്തവരെ പിടികൂടുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) ടി കേസിന്റെ ഗൂഢാലോചന സംബന്ധിച്ചും മറ്റും അന്വേഷണം നടത്തി വരുന്നതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |

**സെക്ഷൻ ഓഫീസർ**

| S1.No | Crime No | Police Station | Accused | Bail Availed or Not. |
|---|---|---|---|---|
| 1 | 951/13 | Thampanoor | (1) KR Biju, (2) Shalu Venugopal, (3) Kaladevi | 1)Bail not availed 2)Granted Bail from Court 3)Granted Bail from Court |
| 2 | 1081/13 | Thampanoor | KR Biju | 1.Bail not availed |
| 3 | 1466/13 | Thrissur East | Salu Menon | Clubbed with investigation of Crime 951/13 |

| | | | | |
|---|---|---|---|---|
| 4 | 816/13 | Ambalappuzaha | 1.KR Biju<br>2.Saritha.S.Nair | 1.Bail not availed<br>2.Granted Bail from Court |
| 5 | 656/13 | Konni | 1.Saritha.S Nair<br>2.KR Biju<br>3. Tenni Joppan | 1.Bail not availed<br>2.Granted Bail from Court<br>3.Granted Bail from Court |
| 6 | 817/ 13 | Aranmula | KR Biju<br>Saritha S Nair | 1.Bail not availed<br>2.Granted Bail from Court |
| 7 | 633/13 | Keezhvaypoor | 1.KR Biju | 1.Bail not availed |
| 8 | 482/13 | Pulikeezhu | 1.Saritha.S Nair<br>2.KR Biju | 1) Granted Bail from Court<br>2) Bail not availed |
| 9 | 1333/13 | Thodupuzha | 1.Sartha S. Nair<br>2.KR Biju | 1) Granted Bail from Court<br>2) Bail not availed<br>**( disposed by Court)** |
| 10 | 474/13 | Rajakkad | 1.Sartha S. Nair<br>2.KR Biju | 1) Granted Bail from Court<br>2) Bail not availed |
| 11 | 318/13 | Ranni | 1.Sartha S. Nair<br>2.KR Biju | 1) Granted Bail from Court<br>2) Bail not availed |
| 12 | 754/13 | Pandalam | 1.KR Biju<br>2.Saritha.S.Nair | 1)Bail not availed<br>2)Granted Bail from Court |
| ബി) കാവുകളിലെ കുളങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ; | ബി) വനംവകുപ്പിന്റെ കാവു സംരക്ഷണ പദ്ധതി സർക്കാർ ഉത്തരവ് G.O.(Rt) No.354/2013/F&WLD തീയതി 12.09.2013 മാർഗ്ഗ നിർദ്ദേശപ്രകാരമാണ് നടപ്പിലാക്കുന്നത്. ആയത് പ്രകാരം കാവിനുള്ളിൽ സ്ഥിതി ചെയ്യുന്ന ഉപയോഗ ശൂന്യമായി കിടക്കുന്ന കുളങ്ങൾ വൃത്തിയാക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതാണ്. എന്നാൽ ആയതിനുള്ള പ്രത്യേക പദ്ധതികളൊന്നും നിലവിലുള്ള സ്കീമിൽ ഇല്ല. |
| സി) ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള തരിശു ഭൂമിയിൽ കാവുകൾ നിർമ്മിക്കുവാൻ വനം വകുപ്പ് നടപടി സ്വീകരിക്കുമോ ? | സി) വനം വകുപ്പിന്റെ കാവ് സംരക്ഷണ പദ്ധതി അനുസരിച്ച് ക്ഷേത്രത്തിലെ തരിശ് ഭൂമിയിൽ കാവുകൾ നിർമ്മിക്കുവാൻ നിലവിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരളനിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.268 | 09.03.2015 ന് മറുപടിയ്ക്ക്.

## വനത്തിലും വനാതിർത്തിയിലും താമസിക്കുന്നവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ.ടി.എൻ.പ്രതാപൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വനത്തിലും വനാതിർത്തിയിലും താമസിക്കുന്നവരുടെ കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) (1) കാട്ടാനകളുടേയും മറ്റു വന്യജീവികളുടേയും ആക്രമണം മൂലമുള്ള കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ വനാതിർത്തിയിൽ പ്രതിരോധ കിടങ്ങുകൾ കുഴിയ്ക്കൽ, വൈദ്യുത കമ്പിവേലികൾ സ്ഥാപിക്കൽ, കയ്യാലകളും, ആന പ്രതിരോധ മതിലുകളും നിർമ്മിക്കൽ, ജൈവവേലി വച്ചുപിടിപ്പിക്കൽ, ജീവനും, സ്വത്തിനും, വിളകൾക്കുമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നല്കൽ, വനവാസികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ, നാട്ടിലിറങ്ങുന്ന വന്യജീവികളെ കാട്ടിലേക്ക് തിരിച്ചയക്കുന്നതിനും, വനാതിർത്തിയിലെ ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനും ദ്രുതകർമ്മസേന രൂപീകരിക്കൽ എന്നിവ.<br>(2) വനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന ആദിവാസി സെറ്റിൽമെന്റുകളിൽ പതിമൂന്നിന അടിസ്ഥാന വികസന സൗകര്യങ്ങൾക്കായി ഓരോ ഹെക്ടർ വരെ വനഭൂമി അനുവദിക്കുന്നു.<br>(3) വനാതിർത്തിയിൽ താമസിക്കുന്ന ആളുകളുടെ കൈവശമുള്ള വനേതര ഭൂമിയിൽ നിന്നും വൃക്ഷങ്ങൾ മുറിച്ചുകടത്തിക്കൊണ്ടു പോകുന്നതിനുള്ള നടപടി ക്രമം 2005-ലെ വനേതരപ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമവും, ബന്ധപ്പെട്ട ചട്ടങ്ങളും വഴി ലഘൂകരിച്ചു.<br>(4) വനത്തിൽ താമസിക്കുന്ന ആദിവാസികളുടെ ഭവന നിർമ്മാണത്തിന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായും മറ്റുള്ളവർക്ക് സൗജന്യ നിരക്കിലും തടി ലഭ്യമാക്കുന്നു.<br>(5) വനവാസികളുടേയും, വനാതിർത്തിയിൽ താമസിക്കുന്നവരുടേയും തൊഴിലവസരം വർദ്ധിപ്പിക്കുന്നതിനും, ജീവനോപാധി വർദ്ധിപ്പിക്കുന്നതിനും കേന്ദ്ര-സംസ്ഥാന ഫണ്ടുപയോഗിച്ച് വനവൽക്കരണ പദ്ധതികൾ നടപ്പാക്കുന്നു.<br>(6) ആദിവാസികൾ വനത്തിൽ നിന്നും ശേഖരിക്കുന്ന തടിയിതര വിഭവങ്ങൾ ശേഖരിച്ച് മൂല്യവർദ്ധന നടത്തി വിപണിയിലെത്തിക്കുന്നതിനും അതുവഴി വരുമാനം വർദ്ധിപ്പിക്കുന്നതിനും വനശ്രീ വിപണന കേന്ദ്രങ്ങൾ നടത്തുന്നു. |

| | |
|---|---|
| | (7) അട്ടപ്പാടിയിലെ കുറുമ്പ വിഭാഗത്തിന്റേയും, ഇടമലക്കുടിയിലെ മുതുവ വിഭാഗത്തിന്റേയും സമഗ്ര വികസനത്തിനായി സംയോജിത ഊരുവികസന പദ്ധതി നടപ്പാക്കുന്നു.<br>(8) വനത്തിനുള്ളിലെ 725 ആദിവാസി സെറ്റിൽമെന്റുകൾ കേന്ദ്രീകരിച്ച് സുപ്രധാന വികസന സംരംഭങ്ങൾ "ഊരിനുണർവ്വ് കാടിനുണർവ്വ് " എന്ന പേരിൽ "മിഷൻ 676"ന്റെ ഭാഗമായി നടപ്പാക്കുന്നു.<br>(9) വനാതിർത്തിയിൽ താമസിക്കുന്നവരുടെ ഭൂമി ക്രയവിക്രയം ചെയ്യുമ്പോൾ രജിസ്ട്രേഷൻ വകുപ്പിലേക്ക് വനം വകുപ്പ് എൻ.ഒ.സി നൽകുന്നതിനുള്ള കാലതാമസം പരമാവധി ഒഴിവാക്കുന്നു. |
| (ബി) വന്യജീവി ശല്യമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കർഷകരെ മാറ്റി പാർപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിൽ താമസിക്കുന്ന ഗോത്ര വർഗ്ഗക്കാരെ മാറ്റിപ്പാർപ്പിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പദ്ധതി നടപ്പാക്കുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് വന്യജീവി സങ്കേതത്തിലെ 14 ഊരുകളിൽ നിന്നും 800 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് 80 കോടി രൂപ ചെലവ് വരുന്ന സ്വയം സന്നദ്ധതാ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. ഗോളൂർ, അമ്മവയൽ, കൊറ്റങ്കര, അരാകുഞ്ചി എന്നീ കോളനികളിലെ 110 കുടുംബങ്ങളുടെ പുനരധിവാസം പൂർത്തിയായി. കുറിച്യാട്ട്, ഈശ്വരൻകൊല്ലി, നരിമുണ്ടകൊല്ലി എന്നീ ഊരുകളുടെ പുനരധിവാസം നടന്നു വരുന്നു. ഈ പദ്ധതിക്കായി ഇതുവരം 1780 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരും മറ്റ് സമൂഹങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ തുടരുമോ; വിശദമാക്കാമോ? | (സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരും മറ്റ് സെറ്റിൽമെന്റുകളിലുള്ളവരും തമ്മിൽ നല്ല ബന്ധമാണുള്ളത്. വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ രൂപീകരിച്ച് ഗോത്രവർഗ്ഗക്കാരും, മറ്റ് സെറ്റിൽമെന്റുകളിലുള്ളവരും തമ്മിലുള്ള പരസ്പര ബന്ധം കൂടുതൽ മെച്ചപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.269 09-03-2015 ന് മറുപടിയ്ക്ക്

ആദിവാസികളും കുടിയേറ്റ കർഷകരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. യു. കുരുവിള | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പിന്റെ നിഷേധാത്മക സമീപനം കാരണം ആദിവാസികളും കുടിയേറ്റ കർഷകരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) ഇല്ല. പാർലമെന്റും നിയമസഭയും നിർമ്മിക്കുന്ന നിയമങ്ങളും സർക്കാർ ഉത്തരവുകളും നടപ്പിൽ വരുത്തുക മാത്രമാണ് വനം വകുപ്പ് ചെയ്യിട്ടുള്ളത്. ഇത് കർഷകർക്കും ജനങ്ങൾക്കും ബുദ്ധിമുട്ടില്ലാത്ത രീതിയിൽ നടപ്പാക്കാൻ വനം വകുപ്പ് ശ്രദ്ധിക്കുന്നുണ്ട്. |
| (ബി) പട്ടയ ഭൂമിയിൽ കർഷകർ വച്ചു പിടിപ്പിച്ച മരങ്ങൾ പിഴുത് വീണത് ഉൾപ്പെടെ മുറിച്ച് മാറ്റുന്നതിന് വനം വകുപ്പ് തടസ്സം നിൽക്കുന്നത് മൂലം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) പിഴുതു വീണ മരങ്ങൾ വനം വകുപ്പുതന്നെ മുറിച്ചുമാറ്റി ലേലം ചെയ്യുകയാണ് ചെയ്യുന്നത്. പട്ടയം നൽകിയതിനുശേഷം കർഷകർ വച്ചുപിടിപ്പിച്ച മരങ്ങളിൽ ചന്ദനമരം ഒഴികെയുള്ളവയുടെ മേൽ സർക്കാരിനുള്ള അവകാശം ഒഴിവാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |

Ajith
സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.270 | 09.03.2015 ന് മറുപടിയ്ക്ക്.

## മാവോയിസ്റ്റ് ഭീഷണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണിയുള്ള വനപ്രദേശങ്ങൾ ഏതൊക്കെയെന്നും ഇത് ഏതൊക്കെ ഡിവിഷനുകളുടേയും, റെയിഞ്ചുകളുടേയും പരിധിയിൽ വരുന്ന പ്രദേശങ്ങളാണെന്നും വ്യക്തമാക്കുമോ; | (എ) പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിലെ പാലക്കാട്, നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത്, മണ്ണാർക്കാട്, സൈലന്റ്‌വാലി, കോഴിക്കോട്, വയനാട് നോർത്ത്, വയനാട് സൗത്ത്, ആറളം, കണ്ണൂർ എന്നീ ഡിവിഷനുകളുടെ എല്ലാ റെയിഞ്ചുകളിലും കൊല്ലം ജില്ലയിലെ തെന്മല ഡിവിഷനിലെ ആര്യങ്കാവ് റെയിഞ്ചിലും മാവോയിസ്റ്റ് സാന്നിദ്ധ്യം കഴിഞ്ഞ 2 വർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) മാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ടെന്ന് കണ്ടെത്തിയതായ പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി ഏർപ്പെടുത്തിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ ; | (ബി) മാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ടെന്ന് കണ്ടെത്തിയതായ പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പ്രത്യേകം സൗകര്യങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. പട്രോളിംഗിന് കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്നുണ്ട്. സ്റ്റേഷൻ സംവിധാനം ശക്തിപ്പെടുത്താനും, വയർലസ് നെറ്റ് വർക്ക്, ഫോറസ്റ്റ് സ്റ്റേഷൻ, ആയുധങ്ങൾ, വാഹനങ്ങൾ, ക്യാമറ, തോക്ക് എന്നിവക്കുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള വനപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള ഭീഷണി തീവ്രവാദികളിൽ നിന്നും ഉണ്ടായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) ഓഫീസ് അടിച്ചു തകർക്കൽ, വാഹനത്തിന് തീ വെയ്ക്കുക തുടങ്ങിയ തരത്തിലുള്ള ഭീഷണി ഉണ്ടായിട്ടുണ്ട്. <br> വന്യജീവി സർക്കിളിന്റെ പരിധിയിലുള്ള സൈലന്റ്‌വാലി ഡിവിഷനു കീഴിലെ സൈലന്റ്‌വാലി നാഷണൽ പാർക്ക് റെയിഞ്ച് ഓഫീസ് 22.12.2014 ൽ ആക്രമിക്കുകയും, ഓഫീസ് ഉപകരണങ്ങൾ, ഫോട്ടോസ്റ്റാറ്റ് മെഷീൻ, കമ്പ്യൂട്ടറുകൾ തുടങ്ങിയവ നശിപ്പിക്കുകയും ഓഫീസിന്റെ പോർച്ചിൽ പാർക്ക് ചെയ്തിരുന്ന ഡിപ്പാർട്ട്മെന്റ് ജീപ്പ് തീയിട്ടു നശിപ്പിക്കുകയും ചെയ്തു. ഭവാനി റെയിഞ്ചിന്റെ പരിധിയിൽ വരുന്ന ഹാവ്‌ലോക്ക് ക്യാമ്പ് ഷെഡ് അഗ്നിക്കിരയാക്കുകയുണ്ടായി. കൂടാതെ സൈലന്റ്‌വാലി റെയിഞ്ചിന്റെ പരിധിയിൽ വരുന്ന വാളക്കാട് സെക്ഷനു കീഴിലുള്ള റ്റി.കെ.കോളനിയിൽ 22.11.13 ൽ ജീവനക്കാർക്കു നേരെ വെടിവയ്പ്പ് ഉണ്ടായെങ്കിലും അത്യാഹിതം സംഭവിച്ചില്ല. <br> പാലക്കാട് ഈസ്റ്റേൺ സർക്കിളിനു കീഴിലുള്ള നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത്, മണ്ണാർക്കാട് എന്നീ ഡിവിഷനുകളിൽ 2013 മുതൽ മോവോയിസ്റ്റ് സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു. |

നോർത്തേൺ സർക്കിൾ കണ്ണൂരിന്റെ കീഴിലുള്ള പ്രദേശങ്ങളിൽ ആയുധധാരികളായവരെ കണ്ടുവെന്ന് അറിയിച്ച പ്രദേശങ്ങൾ അനുബന്ധം-3 ആയി ചേർക്കുന്നു.

നോർത്ത് വയനാട് ഡിവിഷനിലെ പെരിയ റെയിഞ്ചിലെ കുഞ്ഞോം ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിലുള്ള കുഞ്ഞോം ഫോറസ്റ്റ് ക്വാർട്ടേഴ്സ് മാവോയിസ്റ്റുകളെന്ന് കരുതുന്നവർ 21.12.2014-ാം തീയതി അടിച്ചു തകർക്കുകയുണ്ടായി.

(ഡി) മാവോയിസ്റ്റ് സാന്നിദ്ധ്യം കണ്ടെത്തിയ സ്ഥലങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് പ്രത്യേക റിസ്ക് അലവൻസ് നൽകുന്നുണ്ടോ എന്നും എങ്കിൽ എത്ര രൂപ വീതമെന്നും, ഇല്ലെങ്കിൽ റിസ്ക് അലവൻസ് നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വെളിപ്പെടുത്താമോ ;

(ഡി) ഇല്ല. ജീവനക്കാർക്ക് റിസ്ക് അലവൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) മാവോയിസ്റ്റ് സാന്നിദ്ധ്യ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് ഉണ്ടാകാവുന്ന ഭീഷണികൾ സംബന്ധിച്ച് സർക്കാരിന് ബോധ്യമുണ്ടോ എന്നും ഇത് സംബന്ധിച്ച് എന്ത് പരിഹാര നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഇ) ഉണ്ട്. മാവോയിസ്റ്റ് ഭീഷണി തടയുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)നം.69/12/വനം തീയതി 21.06.2012 പ്രകാരം സ്റ്റേഷൻ/സെക്ഷൻ/, റെയിഞ്ച്, ഡിവിഷൻ, ജില്ലാ തലങ്ങളിൽ വനമേഖലാ ജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ആവശ്യാനുസരണം പോലീസ്, തണ്ടർ ബോൾട്ട് എന്നിവയുടെ സഹായം തേടാറുണ്ട്.

ക്യാമറ, തോക്ക്, ആയുധങ്ങൾ വാഹനങ്ങൾ, വയർലെസ് നെറ്റ് വർക്ക് എന്നിവ അനുവദിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

(എഫ്) മാവോയിസ്റ്റുകൾ വനം വകുപ്പിനെ പ്രധാന ശത്രുക്കളായി കണ്ട് ഇറക്കിയ ലഘുലേഖകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്ത് മുൻകരുതൽ നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവോയിസ്റ്റ് ഭീഷണിയുള്ള പ്രദേശങ്ങളിൽ നിലവിലുള്ള സംരക്ഷണ ജീവനക്കാരെ നിയോഗിച്ചുകൊണ്ട് നിരീക്ഷണവും, റെയ്ഡും നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 271 9.3.2015-ൽ മറുപടിയ്ക്ക്

### കരുണാ എസ്റ്റേറ്റിന്റെ കൈവശമുള്ളഭൂമി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.കെ.ബാലൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) നെല്ലിയാമ്പതി കരുണാ എസ്റ്റേറ്റിന്റെ കൈവശമുള്ള ഭൂമിക്ക് പോക്കുവരവ് ചെയ്തുകൊടുക്കുന്നതിന് നെൻമാറ ഡി. എഫ്. ഒ. നൽകിയ എൻ. ഒ. സി. സർക്കാർ പിന്നീട് സ്റ്റേ ചെയ്തിട്ടുണ്ടോ? | എ) നെല്ലിയാമ്പതി കരുണാ എസ്റ്റേറ്റിന്റെ കൈവശമുള്ള 314.4508 ഹെക്ടർ ഭൂമിക്ക് പോക്കുവരവ് നടത്തുന്നതിന് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിരാക്ഷേപപത്രം നൽകുകയും ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് അവർകളുടെ 08.07.2014 ലെ പ്രൊ(11) 21741/14 നമ്പർ നിർദ്ദേശപ്രകാരം നിരാക്ഷേപപത്രം മരവിപ്പിച്ച് ഉത്തരവാകുകയും ടി വിവരം ചിറ്റൂർ അഡീഷണൽ തഹസിൽദാരെ 08.07.2014 ന് തന്നെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| ബി) എങ്കിൽ അതിനെതിരെ കരുണാ എസ്റ്റേറ്റ് കോടതിയെ സമീപിച്ചിട്ടുണ്ടോ; | ബി) ഇല്ല. എന്നാൽ കരുണാ പ്ലാന്റേഷൻ പ്രശ്നവുമായി ബന്ധപ്പെട്ട് ലാന്റ് ബോർഡ് സെക്രട്ടറിയുടെ (എൽ.ബി.ഇ5-6754/2014 നമ്പർ) 07.08.14 ലെ അന്വേഷണ റിപ്പോർട്ടും, 12.11.14 ലെ സ.ഉ.(സാധാ) 5473/2014/റവന്യൂ, 20.11.14 ലെ മലപ്പുറം കളക്ടറുടെ എസ്റ്റേറ്റ് സർവ്വെ ചെയ്യുന്നതിന് മുന്നോടിയായുള്ള നോട്ടീസും റദ്ദ് ചെയ്യുന്നതിന് ആവശ്യപ്പെട്ടുകൊണ്ടാണ് ടി കമ്പനി ഡബ്ളിയു.പി.സി 34072/14 നമ്പർ |

| | | |
|---|---|---|
| | | കേസ് ബഹു.ഹൈകോടതിയിൽ ഫയൽ ചെയ്തിരിക്കുന്നത്. |
| സി) | ഇത് സംബന്ധിച്ച് സർക്കാരിന് നോട്ടീസ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് പോബ്സൺ ഹർജിയിൽ ആവശ്യപ്പെട്ടിരിക്കുന്നത്; | ഇല്ല. എന്നാൽ മേൽ സൂചിപ്പിച്ച് ഡബ്ളിയു.പി.സി 34072/14 കേസിന്റെ നോട്ടീസ് സർക്കാരിന് ലഭിച്ചിട്ടു ണ്ട്. |
| ഡി) | പോബ്സണിന് വേണ്ടി കേസിൽ വക്കാലത്ത് എടുത്തിട്ടുള്ള വക്കീലൻമാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ? | മേൽ കേസിലെ വക്കാലത്ത് എടുത്തിട്ടുള്ള വക്കീലൻമാർ ശ്രീ.എൻ.ജെയിംസ് കോശി, ശ്രീ.ടി.സഞ്ചയ് എന്നിവരാണ്. |
| ഇ) | കരുണാഎസ്റ്റേറ്റിന്റെ കൈവശമുള്ള ഭൂമിയെ സംബന്ധിച്ച് സർക്കാരിന് അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് നൽകിയത്; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ? | അപ്പീൽ കേസുകളിൽ അതതു സമയങ്ങളിൽ ഉപദേശങ്ങൾ തേടിയിട്ടുണ്ട്. കൂടാതെ നിക്ഷിപ്ത വനഭൂമി തർക്കം സംബന്ധിച്ച് കരുണാ എസ്റ്റേറ്റ് (ഇപ്പോൾ പോബ്സ് ഫോറസ്റ്റ് എസ്റ്റേറ്റ്) ബഹുമാനപ്പെട്ട ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.583/76 നമ്പർ കേസിലെയും ആയതിനെ തുടർന്ന് ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത എം.എഫ്.എ.574/89, 106/90 എന്നീ കേസുകളിലെ സംയുക്ത വിധി പ്രകാരം 89.83 എക്കർ സ്ഥലം സർക്കാരിൽ നിക്ഷിപ്തമാണെന്ന് കണ്ടെത്തുകയും ബാക്കി വരുന്ന സ്ഥലം 28.12.1993 ൽ കക്ഷികൾക്ക് വിട്ടു നൽകുകയും ചെയ്തിട്ടുള്ളതാണ്. തുടർന്നു വന്ന വിശദമായ അന്വേഷണത്തിൽ |

മേൽ ഭൂമിയുടെ മുൻ ഉടമകളായ വെങ്ങുനാട് കോവിലകം ഫയൽ ചെയ്ത പാർട്ടീഷ്യൻ സ്യൂട്ട് ഒ.എസ് 1/1964 ലെ വിധിയുടെ വെളിച്ചത്തിൽ 490,494 സർവ്വെ നമ്പരിൽ വരുന്ന 19.7275 ഹെക്ട്ർ ഭൂമിക്ക് വെങ്ങുനാട് കോവിലകം എഴുതി നൽകിയിട്ടുള്ള ജൻമം നിലനിൽക്കുന്നതല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ 492,493 എന്നീ സർവ്വെ നമ്പരുകളിലെ 5.5 ഹെക്ടർ ഭൂമി ഇ.എഫ്.എൽ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതുമാണ്. മേൽ പരാമർശിച്ച ഭൂമി ഒഴിച്ച് 314.4508 ഹെക്ടർ ഭൂമിക്ക് കരം ഒടുക്കുന്നതിന് അനുവാദം നൽകാവുന്നതാണെന്ന് ബഹു.അഡ്വക്കേറ്റ് ജനറലിന്റെ 12.02.2014 ലെ സി.ഐ(എ.ആർ) എം.എഫ്.എ 106/90 കത്ത് പ്രകാരം നിയമോപദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.272 09.03.2015 ന് മറുപടിയ്ക്ക്.

**<u>പുത്തൂർ സുവോളജിക്കൽ പാർക്ക്</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.പി.വിൻസെന്റ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ പുത്തൂർ സുവോളജിക്കൽ പാർക്ക് യാഥാർത്ഥ്യമാക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ? | (എ) ഇപ്പോൾ തൃശ്ശൂർ നഗരത്തിൽ പ്രവർത്തിക്കുന്ന തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. ഇതിനാവശ്യമായ 150 കോടിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ആയത് സെൻട്രൽ സൂ അതോറിറ്റി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരം, പക്ഷിമൃഗാദികളെ പ്രദർശിപ്പിക്കുന്നിടം, അവയുടെ ആരോഗ്യ സുരക്ഷയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ, സന്ദർശകർക്കു വേണ്ടിയുള്ള സൗകര്യങ്ങളും, കൂടാതെ പ്രകൃതി പഠനം, ഗവേഷണം തുടങ്ങിയവയ്ക്കുമുള്ള സൗകര്യങ്ങൾ ഡിസൈൻ ചെയ്യാനായി ലോകപ്രശസ്തനായ സൂ ഡിസൈനർ ശ്രീ.ജോൺ കോയുടെ നേതൃത്വത്തിൽ പൂർത്തിയായി വരുന്നുണ്ട്.<br><br>സുവോളജിക്കൽ പാർക്കിന് ആവശ്യമായ ശുദ്ധജല വിതരണവും, മലിനജലം ശുദ്ധീകരിച്ച് പുനഃചംക്രമണം നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടിയുള്ള പദ്ധതി തയ്യാറാക്കുവാൻ ആവശ്യമായ കൺസൽട്ടന്റിനെ നിയമിക്കാനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം തൃശ്ശൂർ സുവോളജിക്കൽ പാർക്കിനാവശ്യമുള്ള 2.5 ഹെക്ടർ സ്വകാര്യഭൂമി ഏറ്റെടുക്കുന്ന നടപടി പുരോഗമിച്ചു വരുന്നു. കൂടാതെ പ്രത്യേക ഡിസൈനുകൾ ആവശ്യമില്ലാത്ത സൂ കിച്ചൺ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികൾ കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

**പതിമൂന്നാം കേരളനിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.273 | 09.03.2015 ന് മറുപടിയ്ക്ക്.

**അഗസ്ത്യാർകൂടം സന്ദർശനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) ഈ വർഷത്തെ അഗസ്ത്യാർകൂടം സന്ദർശനം പൊതുജനങ്ങൾക്കായി തുറന്ന് കൊടുത്തത് ഏതൊക്കെ ദിവസങ്ങളിലായിരുന്നു; | (എ) ഈ വർഷം 2015 ജനവരി 15 മുതൽ 2015 ഫെബ്രുവരി 17 വരെയുള്ള 34 ദിവസം പൊതുജനങ്ങൾക്കായി അഗസ്ത്യാർകൂടം സന്ദർശനത്തിന് അനുമതി നല്കിയിരുന്നു. |
| (ബി) സന്ദർശനത്തിനായി പാസ് നൽകിയത് എപ്രകാരമൊക്കെയായിരുന്നു; | (ബി) കേരള സംസ്ഥാന ഐ.റ്റി.മിഷന്റെ സഹായത്തോടുകൂടി അക്ഷയ കേന്ദ്രങ്ങൾ മുഖേന ഓൺലൈൻ സംവിധാനം ഉപയോഗിച്ചാണ് സന്ദർശനത്തിനുള്ള പാസ്സ് നൽകിയത്. |
| (സി) എത്ര പേർക്കാണ് പാസ് നൽകിയത്; | (സി) പ്രതിദിനം 100 പേർക്ക് എന്ന കണക്കിൽ 3400 പേർക്ക് പാസ്സ് നൽകുകയുണ്ടായി. |
| (ഡി) എത്ര അന്യസംസ്ഥാനക്കാർക്കാണ് പാസ് നൽകിയത്; | (ഡി) പോണ്ടിച്ചേരി സംസ്ഥാനത്തിൽപ്പെട്ട 6 പേർക്കും, തമിഴ്നാട് സംസ്ഥാനത്തിൽപ്പെട്ട 518 പേർക്കും, കർണ്ണാടക സംസ്ഥാനത്തിൽപ്പെട്ട 17 പേർക്കും പാസ്സ് അനുവദിക്കുകയുണ്ടായി. |
| (ഇ) സ്ഥിരമായി അഗസ്ത്യാർകൂടം സന്ദർശനം നടത്തിവരുന്ന കേരളീയർക്ക് മുഴുവൻ പാസ്സ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) അഗസ്ത്യാർകൂടം സ്ഥിരം സന്ദർശനം നടത്തി വരുന്നവരുടെ വിവരങ്ങൾ വനം വകുപ്പിൽ ലഭ്യമല്ല. മാത്രമല്ല, സന്ദർശനാനുമതി നൽകുന്ന കാലയളവിൽ പ്രതിദിനം പരമാവധി 100 ആൾക്കാരെ ഉൾക്കൊള്ളിക്കുന്നതിനുള്ള സൗകര്യങ്ങൾ മാത്രമേ ഇടത്താവളമായ അതിരുമലയിൽ ഉള്ളൂ. ഇതിൽ കൂടുതൽ ആൾക്കാരെ സന്ദർശിക്കുവാൻ അനുവദിക്കുന്നത് പരിസ്ഥിതി സംരക്ഷണത്തെ മുൻനിർത്തിയും അഭിലഷണീയമല്ല. |

സെക്ഷൻ ഓഫീസർ.

## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 274** — **9.3.2015-ന് മറുപടിക്ക്**

### മിഷൻ 676 - ൽ പരിസ്ഥിതി സംരക്ഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എം.എ. വാഹീദ് | തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |

........

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്ത് മിഷൻ 676 ൽ ഉൾപ്പെടുത്തി പരിസ്ഥിതി സംരക്ഷണത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ലോകപരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് പൊതുജന പങ്കാളിത്തത്തോടെ പരിസ്ഥിതി സംരക്ഷണം നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി നടപ്പിലാക്കി. പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനം 2014 ജൂൺ 3-ാം തീയതി രാവിലെ കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് സംസ്ഥാന മുഖ്യമന്ത്രി നിർവ്വഹിച്ചു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ലോക പരിസ്ഥിതി ദിനമായ ജൂൺ അഞ്ചിന് രാവിലെ 10.30-നും 11.30-നും ഇടയിൽ 10 ലക്ഷത്തിലധികം വൃക്ഷത്തൈകൾ കേരളമൊട്ടാകെ നട്ടു പരിപാലിക്കുന്ന "ഹരിതശ്രീ" പദ്ധതി നടപ്പിലാക്കി. |
| (സി) | പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ; | (സി) | വനം-പരിസ്ഥിതി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെയും, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്, സാമൂഹ്യ വനവൽക്കരണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, റവന്യൂ വകുപ്പ്, കുടുംബശ്രീ, പരിസ്ഥിതി ശാസ്ത്രജ്ഞർ, പരിസ്ഥിതി പ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ എന്നിവരുടെയും വിവിധ തലത്തിലുള്ള കൂടിയാലോചനകളുടെ അടിസ്ഥാനത്തിലാണ് ഈ പദ്ധതിയ്ക്ക് രൂപം |

| | | | |
|---|---|---|---|
| | | | നൽകി നടപ്പിലാക്കിയത്. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്ന് നിർദ്ദേശം സ്വീകരിക്കുന്നതിനും ആശയ-വിനിമയം നടത്തുന്നതിനും സാമൂഹ്യ വനവല്ക്കരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഹരിതശ്രീ പോർട്ടൽ ആരംഭിച്ചു. |
| (ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ? | (ഡി) | ഹരിതശ്രീ പദ്ധതിയുടെ നിർവ്വഹണച്ചുമതല സാമൂഹ്യവനവല്ക്കരണ വകുപ്പിനും കുടുംബശ്രീ യൂണിറ്റുകൾക്കും വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നൽകി. പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേണ്ടി വനം-പരിസ്ഥിതി വകുപ്പ മന്ത്രി ചെയർമാനും, പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും, ശ്രീ. ജോൺ സാമുവൽ വൈസ് ചെയർമാനുമായി കേരള എൻവയോൺമെന്റൽ കമ്മിറ്റി രൂപീകരിച്ചു. പദ്ധതിയ്ക്ക് 80 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 275** **09.03.2015-ൽ മറുപടിയ്ക്ക്**

**ദേശീയ ഗെയിംസ് കളിസ്ഥലങ്ങളുടെ സംരക്ഷണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോസഫ് വാഴയ്ക്കൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ഷാഫി പറമ്പിൽ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | മുപ്പത്തിയഞ്ചാം ദേശീയ ഗെയിംസിന് വേണ്ടി നവീകരിച്ചതും പുതുതായി നിർമ്മിച്ചതുമായ സ്റ്റേഡിയങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) | സ്റ്റേഡിയങ്ങളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കളിസ്ഥലങ്ങളുടെ സംരക്ഷണം എപ്രകാരമായിരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി | ദേശീയഗെയിംസിനായി ഏറ്റെടുത്ത വേദികളുടെ പരിപാലനം, ക്രമീകരണം എന്നിവ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ ഉത്തരവ് (കൈ)നം.09/15/കാ.യു.വ തീയതി 24.02.2015 അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - 1

### 35-ാമത് ദേശീയ ഗെയിംസിനായി തികച്ചും പുതിയതായി നിർമ്മിച്ച സ്റ്റേഡിയങ്ങൾ

| ക്രമ നം | പേര് |
|---|---|
| 1 | ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം |
| 2 | ടെന്നീസ് കോംപ്ലക്സ്, കുമാരപുരം, തിരുവനന്തപുരം |
| 3 | സ്കോഷ് കോർട്ട്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, പാളയം, തിരുവനന്തപുരം |
| 4 | ഷൂട്ടിംങ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം |
| 5 | ട്രാപ് ആന്റ് സ്കീറ്റ് ഔട്ട്ഡോർ ഷൂട്ടിംഗ് റേഞ്ച്, പോലീസ് അക്കാഡമി, തൃശ്ശൂർ |
| 6 | ന്യൂ ഹോക്കി സ്റ്റേഡിയം, കൊല്ലം |
| 7 | ലോൺ  ബൗൾ കോർട്ട്, കൊച്ചി, എറണാകുളം |
| 8 | ന്യൂ ഫുട്ബോൾ സ്റ്റേഡിയം, മെഡിക്കൽ കോളേജ് ഗ്രൗണ്ട്, കോഴിക്കോട് |
| 9 | ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ |

### 35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് അധിക സൗകര്യങ്ങൾ ഏർപ്പെടുത്തിയതും നവീകരിച്ചതുമായ സ്റ്റേഡിയങ്ങൾ

| ക്രമ നം | പേര് |
|---|---|
| 1 | പിരപ്പൻകോട് നീന്തൽക്കുളം, തിരുവനന്തപുരം |
| 2 | യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം |
| 3 | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം |
| 4 | ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ, തിരുവനന്തപുരം |
| 5 | കാർഷിക കോളേജ് ഇൻഡോർ ഹാൾ, വെള്ളായണി,  തിരുവനന്തപുരം |
| 6 | ജി.വി. രാജ ഇൻഡോർ സ്റ്റേഡിയം, ശംഖുമുഖം, തിരുവനന്തപുരം |
| 7 | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം |
| 8 | എൽ.എൻ.സി.പി.ഇ. വെലോഡ്രോം, കാര്യവട്ടം |
| 9 | കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം |
| 10 | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി, എറണാകുളം |
| 11 | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ |
| 12 | വി.കെ.എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ |
| 13 | ഇൻഡോർ സ്റ്റേഡിയം, തൃപ്രയാർ, തൃശ്ശൂർ |
| 14 | വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് |
| 15 | കോർപ്പറേഷൻ സ്റ്റേഡിയം കോഴിക്കോട് |
| 16 | തിരുവനന്തപുരം ടെന്നീസ് ക്ലബ്ബിലെ പരിശീലന കോർട്ടുകൾ |
| 17 | കേരള വാട്ടർ അതോറിറ്റി സ്വിമ്മിംഗ് പൂൾ വെള്ളയമ്പലം, തിരുവനന്തപുരം |

(signature)
സെക്ഷൻ ഓഫീസർ

അനുബന്ധം - 2

കേരള സർക്കാർ

സംഗ്രഹം

കായികയുവജനകാര്യ വകുപ്പ് - 35-ാമത് ദേശീയ ഗെയിംസിനായി ഏറ്റെടുത്ത വേദികളുടെ ഗെയിംസിനുശേഷമുള്ള പരിപാലനം, ക്രമീകരണങ്ങൾ എന്നിവ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**കായികയുവജനകാര്യ (എ) വകുപ്പ്**

**സ.ഉ.(കൈ)നം.09/15/കാ.യു.വ. തീയതി, തിരുവനന്തപുരം. 24.02.2015**

==========================================================================

**പരാമർശം** : 12.08.2014-ലെ സ. ഉ.(കൈ)നം.29/14/കാ.യു.വ

**ഉത്തരവ്**

35-ാമത് ദേശീയ ഗെയിംസ് സംസ്ഥാനത്തെ താഴെപ്പറയുന്ന 30 വേദികളിൽ വിജയകരമായി നടന്നുകഴിഞ്ഞു.

1. യൂണിവേഴ്സിറ്റി സ്റ്റേഡിയം, തിരുവനന്തപുരം
2. കാർഷിക കോളേജ് ഇൻഡോർ സ്റ്റേഡിയം, വെള്ളായണി, തിരുവനന്തപുരം
3. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം
4. CIAL കൺവെൻഷൻ സെന്റർ, എറണാകുളം
5. CIAL ഗോൾഫ് കോഴ്സ്, എറണാകുളം
6. ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം
7. ജവർഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം, കൊച്ചി
8. കേരള പോലീസ് അക്കാഡമി, തൃശ്ശൂർ
9. LNCPE വെലോഡ്രോം, LNCPE ഇൻഡോർ കോർട്ട്, തിരുവനന്തപുരം
10. രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി
11. തൃപ്രയാർ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ
12. ചെറായി ബീച്ച്, എറണാകുളം
13. കോവളം ബൈപാസ്, തിരുവനന്തപുരം
14. കോഴിക്കോട് ബീച്ച്
15. ശംഖുംമുഖം ബീച്ച്, തിരുവനന്തപുരം
16. വേമ്പനാട്ട് കായൽ, ആലപ്പുഴ
17. വട്ടിയൂർകാവ് ഷൂട്ടിംഗ് റേഞ്ച്, തിരുവനന്തപുരം
18. സ്ക്വാഷ് കോർട്ട്, പാളയം, തിരുവനന്തപുരം

19. കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട്

20. കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ

21. കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം

22. മെഡിക്കൽ കോളേജ് സ്റ്റേഡിയം, കോഴിക്കോട്

23. ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം

24. ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ

25. ഡോ.അംബേദ്കർ നീന്തൽക്കുളം, പിരപ്പൻകോട്, തിരുവനന്തപുരം

26. ശ്രീപാദം ഇൻഡോർ സ്റ്റേഡിയം, ആറ്റിങ്ങൽ

27. വി.കെ.എൻ.മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ

28. വി.കെ.കെ.മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്

29. ഹോക്കി സ്റ്റേഡിയം, കൊല്ലം

30. ടെന്നീസ് സ്റ്റേഡിയം, കുമാരപുരം, തിരുവനന്തപുരം

ഈ വേദികളെല്ലാം പരാമർശ ഉത്തരവ് പ്രകാരം ദേശീയഗെയിംസിനായി ഏറ്റെടുത്തിട്ടുള്ളതാണ്.അതുകൊണ്ട് ഗെയിംസ് കഴിയുന്ന മുറയ്ക്ക് സ്റ്റേഡിയങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പരിപാലനത്തിന് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി. പരിശോധിച്ചു. ദേശീയ ഗെയിംസിനായി ഏറ്റെടുത്തിട്ടുള്ള വേദികളുടെ പരിപാലനത്തിനായി താഴെപ്പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തി ഉത്തരവാകുന്നു.

1. ഇവയിൽ ക്രമനമ്പർ 1 മുതൽ 11 വരെയുള്ള വേദികളിൽ ദേശീയ ഗെയിംസിനായി വരുത്തിയ മാറ്റങ്ങൾ നിലനിർത്തി മെച്ചപ്പെട്ട രീതിയിൽ തുടർന്നും പരിപാലിക്കുമെന്ന ഉറപ്പിൽ അതത് ഉടമസ്ഥർക്ക് വിട്ടു നൽകുന്നു.
2. ക്രമനമ്പർ 12 മുതൽ 16 വരെയുള്ള സ്ഥലങ്ങളിൽ ഗെയിംസിനായി നിർമ്മിച്ച താത്കാലിക വേദികൾ മാറ്റുന്നതിന് ആവശ്യമായ നടപടികൾ നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റ് സ്വീകരിക്കേണ്ടതാണ്.
3. വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, തിരുവനന്തപുരം സ്ക്വാഷ് കോർട്ട്, ഹോക്കി സ്റ്റേഡിയം, കൊല്ലം എന്നിവയുടെ പരിപാലന ചുമതല സംസ്ഥാന പോലീസ് മേധാവിയിൽ താത്ക്കാലികമായി നിക്ഷിപ്തമാക്കുന്നു. 2015 മാർച്ച് 31 വരെ നടക്കുന്ന ഷൂട്ടിംഗ് മത്സരങ്ങൾക്ക് പ്രസ്തുത ഷൂട്ടിംഗ് റേഞ്ചിൽ ആവശ്യമായ ക്രമീകരണങ്ങൾ സംസ്ഥാന പോലീസ് മേധാവി ഏർപ്പെടുത്തേണ്ടതാണ്.
4. തിരുവനന്തപുരം ജിമ്മിജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ പരിപാലനച്ചുമതല കായിക യുവജനകാര്യ ഡയറക്ടർ നിർവ്വഹിക്കുന്നതാണ്. കൂടാതെ ഈ സ്റ്റേഡിയം വരുമാനസ്രോതസ്സായി ഉപയോഗിക്കാനുതകുന്ന രീതിയിൽ ഒരു ചട്ടക്കൂട് സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് നടപ്പാക്കാൻ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

5. ക്രമ നമ്പർ 24,25,26,28 വരെയുള്ള സ്റ്റേഡിയങ്ങളുടെ പരിപാലനച്ചുമതല കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിക്ഷിപിതമാക്കുന്നു.

6. ക്രമനമ്പർ 19,20,21,22,27 എന്നിവ ഏറ്റെടുത്ത് അടുത്ത 2 മാസത്തേയ്ക്ക് (മാർച്ച് 31 വരെ) പരിപാലിക്കാൻ അതത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നു. സിന്തറ്റിക് പ്രതലങ്ങളും, പുൽത്തകിടിയും പരിപാലിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശവും ആവശ്യമായ ധനസഹായവും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകേണ്ടതാണ്. അടുത്ത സാമ്പത്തിക വർഷം മുതൽ കോർപ്പറേഷനുകളുടെ അധീനതയിലുള്ള ക്രമനമ്പർ 19,20,21 സ്റ്റേഡിയങ്ങളുടെ സമയബന്ധിത അറ്റകുറ്റപ്പണികളും, ആവർത്തനച്ചെലവുകളും, പരിപാലനച്ചെലവുകളും നിർവ്വഹിക്കുന്നതിനും വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും അതത് തദ്ദേശസ്വയഭരണസ്ഥാപനങ്ങളുമായി ചർച്ചചെയ്ത് വിശദമായ ഒരു പദ്ധതിനിർദ്ദേശം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി സമർപ്പിക്കേണ്ടതാണ്. 29, 30 എന്നീ സ്റ്റേഡിയങ്ങളുടെ പരിപാലനച്ചുമതലയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശവും മേൽനോട്ടവും കായികയുവജനകാര്യ ഡയറക്ടർ നൽകുന്നതാണ്.

7. ഗെയിംസ് വില്ലേജിലെ സാധന സാമഗ്രികൾ പുനരുപയോഗിക്കുന്ന രീതിയിൽ പരസ്യ ലേലം നടത്തി നാഷണൽ ഗെയിംസ് സെക്രട്ടറിയേറ്റിന്റെ ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്ന പ്രക്രിയ പൂർത്തിയാകുന്നതുവരെ ഗെയിംസ് വില്ലേജിന്റെ സുരക്ഷാചുമതല CRPF-നെ ഏൽപ്പിക്കുന്നു. ഗെയിംസ് വില്ലേജിലെ സുരക്ഷാസംവിധാനം 2015 മാർച്ച് 31 വരെ തുടരുന്നതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**എം.ശിവശങ്കർ**
**ഗവൺമെന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ
തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ,കോഴിക്കോട്, കണ്ണൂർ.
ചീഫ് കമ്മീഷണർ ആന്റ് പ്രിൻസിപ്പൽ കോ-ഓർഡിനേറ്റർ, ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ്.
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
ഡയറക്ടർ, കായികയുവജനകാര്യ വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ , ലക്ഷ്മി ബായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ, കാര്യവട്ടം, തിരുവനന്തപുരം.
പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ്, കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), തിരുവനന്തപുരം.
ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, സിയാൽ, കൊച്ചി.
രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം.
രജിസ്ട്രാർ , കാർഷിക സർവ്വകലാശാല, വെള്ളായണി, തിരുവനന്തപുരം.
സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.
സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി.
സെക്രട്ടറി, കോർപ്പറേഷൻ, തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്.
സെക്രട്ടറി, റ്റി.എസ്.ജി.എ, തൃപ്രയാർ, തൃശ്ശൂർ.

സെക്രട്ടറി, റീജിയണൽ സ്പോർട്സ് സെന്റർ, കടവന്ത്ര, കൊച്ചി.
ധനകാര്യ വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ്
ആസൂത്രണസാമ്പത്തികകാര്യ വകുപ്പ്.
ഐ.എൽ & എഫ്.എസ്, കാര്യവട്ടം, (ചീഫ് കമ്മീഷണർ ആന്റ് പ്രിൻസിപ്പൽ
കോ-ഓർഡിനേറ്റർ, ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് മുഖാന്തിരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (എല്ലാ പത്ര-ദൃശ്യ - ശ്രവ്യ മാധ്യമങ്ങൾ മുഖേന
വ്യാപക പ്രചരണത്തിനായി).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കായിക വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കായിക വകുപ്പുസെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 276** **09.03.2015-ൽ മറുപടിയ്ക്ക്**

## റൺ കേരള റൺ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.കെ.ബാലൻ** | | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** | |
| (എ) | ദേശീയ ഗെയിംസിന്റെ പ്രചരണാർത്ഥം നടത്തിയ റൺ കേരള റൺ കൂട്ടയോട്ടം സംഘടിപ്പിക്കാൻ ടെണ്ടർ ക്ഷണിച്ചിരുന്നോ എന്നും ഉണ്ടെങ്കിൽ എന്തൊക്കെയായിരുന്നു ടെണ്ടർ വ്യവസ്ഥകൾ എന്നതിന്റെയും വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) | ടെണ്ടർ വിളിച്ചിരുന്നു. ടെണ്ടർ ഡോക്യുമെന്റ് (RFP) അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ പേരും ക്വാട്ടു ചെയ്ത തുകയും വ്യക്തമാക്കുമോ ; | (ബി) | ഇ-ടെണ്ടറായാണ് ടെണ്ടർ വിളിച്ചത്. ടെക്നിക്കൽ ബിഡ് മാനദണ്ഡങ്ങൾ പാലിച്ച രണ്ട് ഫിനാൻഷ്യൽ കമ്പനികളുടെ ബിഡ് ഓപ്പൺ ചെയ്തു കമ്പനികളുടെ പേരു വിവരങ്ങളും ക്വാട്ട് ചെയ്ത തുകയും താഴെ കൊടുക്കുന്നു.<br><br>1. M/s ഇംപ്രസാരിയോ ഇവന്റ് മാനേജ്മെന്റ് ഇന്ത്യാ ലിമിറ്റഡ് - 22,26,95,276.8/- രൂപ<br><br>2. M/s മലയാള മനോരമ കമ്പനി ലിമിറ്റഡ് - 10,61,79,990/- രൂപ |
| (സി) | ടെണ്ടറിൽ പങ്കെടുക്കുവാൻ സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിരുന്ന യോഗ്യതകൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ . | (സി) | ടെണ്ടറിൽ പങ്കെടുക്കുവാൻ സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിരുന്ന യോഗ്യതകൾ അനുബന്ധം (RFP) Clause 2-ൽ കാണാവുന്നതാണ്. |
| (ഡി) | ടെണ്ടർ ഉറപ്പിച്ച സ്ഥാപനം ഏതായിരുന്നു എന്നും എത്ര രൂപയായിരുന്നു ക്വാട്ട് ചെയ്തതെന്നും വ്യക്തമാക്കുമോ ; | (ഡി) | M/s മലയാള മനോരമ കമ്പനി ലിമിറ്റഡ് 10,61,79,990/- രൂപയ്ക്കാണ് കരാർ നൽകിയത്. |

(ഇ) ദേശീയ ഗെയിംസിൽ സംഘാടനത്തിന് എത്ര രൂപയാണ് ചെലവായതെന്നും കേന്ദ്ര ഗവൺമെന്റ് എത്ര തുക അനുവദിച്ചുവെന്നും സംസ്ഥാന വിഹിതം എത്രയായിരുന്നു എന്നും വ്യക്തമാക്കുമോ ?

(ഇ) സംഘാടനത്തിനുള്ളള മൊത്തം ചെലവുകൾ കണക്കാക്കിവരുന്നതേയുള്ളൂ.

കേന്ദ്രവിഹിതമായി 121 കോടി രൂപ ലഭിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ വിഹിതമായി ഇതുവരെ 272.12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ വേദികളുമായി ബന്ധപ്പെട്ട റോഡുകളുടെ വികസനത്തിനായി 20 കോടി രൂപയും ഇതിനകം അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 277 09.03.2015-ൽ മറുപടിയ്ക്ക്

## റൺ കേരള റൺ സംഘടിപ്പിക്കുന്നതിന് ചെലവായ തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ദാസൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | നാഷണൽ ഗെയിംസിന്റെ ഭാഗമായ റൺ കേരള റൺ സംഘടിപ്പിച്ചതിന് ഏതെല്ലാം ഇനത്തിൽ എന്തു തുക വീതം ചെലവ് വരുമെന്ന് വ്യക്തമാക്കാമോ ; ഇതിനകം ചെലവായ തുക എത്ര ; | (എ) | ആകെ 10,61,79,990/- രൂപയ്ക്കാണ് റൺ കേരള റൺ നടത്തിപ്പിനുള്ള കരാർ നൽകിയത്. അതിൽ 4,24,71,996/- രൂപ ആക്ടിവേഷൻ ചാർജ്ജും ബാക്കി പരസ്യപ്രചാരണത്തിനുള്ള തുകയുമാണ്. ആക്ടിവേഷൻ ചാർജ്ജിനത്തിൽ 3.19 കോടി രൂപ ചെലവായിട്ടുണ്ട്. |
| (ബി) | പത്ര-ദൃശ്യ മാധ്യമങ്ങൾക്കും പരസ്യ/മാനേജ്മെന്റ്/ഇതര ഏജൻസികൾക്കുമായി ഏതെല്ലാം ഇനത്തിൽ എന്തു തുക വീതം നൽകേണ്ടതായിട്ടുണ്ട് ; ഇതിനകം നൽകിയ തുക എത്ര ; | (ബി) | ഈയിനത്തിന്റെ ബില്ലുകൾ പരിശോധിച്ചുവരുന്നതേയുള്ളൂ. തുക അനുവദിച്ചിട്ടില്ല. |
| (സി) | റൺ കേരള റൺ പരിപാടിയുമായി ബന്ധപ്പെട്ട് തയ്യാറാക്കപ്പെട്ട ബഡ്ജറ്റിൽ എന്തു തുക ഏതെല്ലാം ഇനത്തിൽ പ്രതീക്ഷിച്ചിട്ടുണ്ടായിരുന്നു; യഥാർത്ഥത്തിൽ പ്രതീക്ഷിക്കുന്ന ചെലവ് എത്ര ; വിശദമാക്കുമോ ? | (സി) | ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയുടെ വിശദാംശം താഴെപറയും പ്രകാരമാണ്. |

1. ആക്ടിവേഷൻ ചാർജ്ജ് - 4.25 കോടി
2. പരസ്യപ്രചാരണത്തിന് - 4.37 കോടി
3. ഗെയിംസിന്റെ പ്രചാരണം വർദ്ധിപ്പിക്കുന്നതിനും റൺ കേരള റൺ പരിപാടിയുമായി ബന്ധപ്പെടുത്തി പരസ്യവിപുലീകരണത്തിന് - 8.88 കോടി

ആകെ - 17.50 കോടി

പ്രതീക്ഷിച്ച ചെലവ് 17.50 കോടി രൂപയാണെങ്കിലും ബില്ലുകൾ ലഭിച്ച് പരിശോധിച്ച ശേഷമേ അന്തിമചെലവ് നിശ്ചയിക്കുവാൻ കഴിയൂ.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 278** **09.03.2015-ൽ മറുപടിയ്ക്ക്**

## ദേശീയ ഗെയിംസ്

**ചോദ്യം**

**ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി**

**മറുപടി**

**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)**

(എ) ദേശീയ ഗെയിംസിന്റെ വിജയകരമായ പരിസമാപ്തി കേരളത്തിന്റെ സ്പോർട്സ് മേഖലയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ വിശദമാക്കുമോ ;

(ബി) ദേശീയ ഗെയിംസിനായി വാങ്ങിയ ഉപകരണങ്ങളും സജ്ജീകരണങ്ങളും സ്പോർട്സിന്റെ വികസനത്തിന് എങ്ങനെ പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത് ;

(എ) & (ബി) കായിക കേരളത്തിന്റെ അഭിമാനമായി മാറിയ 35-ാം ദേശീയ ഗെയിംസിൽ മെഡൽ നിലയിൽ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ 54 സ്വർണ്ണം ഉൾപ്പെടെ 162 മെഡലുകളോടെ കേരളം ഒന്നാമതെത്തിയത് കായികമേഖലയ്ക്ക് ഒരു നവോന്മേഷം പകർന്നിരിക്കുകയാണ്. അന്താരാഷ്ട്ര നിലവാരമുള്ള കളിയിടങ്ങൾ സജ്ജമാകുകയും കായിക ഉപകരണങ്ങൾ ലഭ്യമാകുകയും ചെയ്തതിലൂടെ ഭാവിയിൽ കായികതാരങ്ങൾക്ക് യഥേഷ്ടം പരിശീലനം നടത്താനും ഇതര അന്താരാഷ്ട്ര മത്സരങ്ങളിൽ നേട്ടങ്ങൾ കരസ്ഥമാക്കുവാനും അവസരമൊരുങ്ങി. 9 പുതിയ സ്റ്റേഡിയങ്ങളും 17 നവീകരിച്ച സ്റ്റേഡിയങ്ങളും കായിക ഉപകരണങ്ങളും 35-ാം ദേശീയ ഗെയിംസിലൂടെ കേരളത്തിന്റെ കായിക മേഖലയ്ക്ക് കൈമുതലായി ഭവിച്ചതിനാൽ അന്താരാഷ്ട്ര മത്സരങ്ങളിൽ മികച്ച വിജയം നേടുന്നതിന് കേരള താരങ്ങളെ പ്രാപ്തമാക്കും. ഫുട്ബോൾ, ക്രിക്കറ്റ്, ടെന്നീസ്, ഹോക്കി, വോളിബോൾ, സ്ക്വാഷ്, ഷൂട്ടിംഗ് തുടങ്ങിയ ഇനങ്ങളിലെ അന്താരാഷ്ട്ര മത്സരങ്ങൾക്ക് സമീപ ഭാവിയിൽ ഈ സ്റ്റേഡിയങ്ങൾ വേദികളാകുന്നതിലൂടെ ഈ ഇനങ്ങളിൽ കേരളത്തിലെ കായികതാരങ്ങൾക്കും, പൊതുജനങ്ങൾക്കും പുതിയ ഉണർവ്വ് കൈവരുന്നതാണ്.

| | | | |
|---|---|---|---|
| (സി) | ദേശീയ ഗെയിംസിന്റെ കണക്കുകൾ സുതാര്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ? | (സി) | ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട കണക്കുകൾ www.kerala2015.com എന്ന വെബ്സൈറ്റിൽ, തുടക്കം മുതൽ പ്രതിമാസം അപ്‌ലോഡ് ചെയ്യാറുണ്ട്. 31.01.2015 വരെയുള്ള ഇനം തിരിച്ചുള്ള വരവു-ചെലവു കണക്കുകൾ വെബ് സൈറ്റിൽ ലഭ്യമാണ്. കണക്കുകൾ Internal Auditing-നും Statutory Auditing-നും വിധേയമാക്കുന്നു. കൂടാതെ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ സമഗ്രമായ ഓഡിറ്റ് 2015 ഫെബ്രുവരി 25 മുതൽ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ